കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


**കേരള സംസ്ഥാന ഓഡിറ്റ്**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**

**ജില്ലാ ഓഡിറ്റ്, തിരുവനന്തപുരം**

**e-mail: lfadtvm@yahoo.in**

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)**

**നം.കെ.എസ്.എ.റ്റി.വി.എം./ജി.പി** 6 /93 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 10.3.2020

Phone No : 0471-2331231

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : **ആനാട് ഗ്രാമപഞ്ചായത്ത്** 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരംധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

**വിശ്വസ്തതയോടെ**

ഒപ്പ്/-

**ഡെപ്യൂട്ടിഡയറക്ടർ**

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി .6 /93 /2020

**തീയതി.10.3.2020**

**തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ **ആനാട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.09.18 മുതൽ 30.11.19 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 50 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ഷാജഹാൻ. എം, ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 9.12.19 മുതൽ 19.12.19 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി.ശ്രീജ.കെ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.അസീന.എ.പി | സീനിയർഗ്രേഡ് ഓഡിറ്റർ |
| ശ്രീ.പ്രേംനാഥ്.ജി.കെ | സീനിയർഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുരേഷ് ബാബു.ബി. | സീനിയർഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ശാലിനി.വി.കെ | സീനിയർഗ്രേഡ് ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ആനാട് സുരേഷ് | 1.4.18 മുതൽ 31.3.19 വരെ |
| സെക്രട്ടറി | 1.ശ്രീ.ബി.റഫീക്ക് | 1.4.18 മുതൽ 30.6.18 വരെ |
| | 2.ശ്രീ.ഹരിൻബോസ്.എ | 1.7.18 മുതൽ 31.3.19 വരെ |

**നിർവ്വഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ദീപ | 01/04/18 മുതൽ 31/03/19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ സർക്കിൾ) | ശ്രീമതി.രഞ്ജിത.ആർ | 01/04/18 മുതൽ 31/03/19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ) | ശ്രീമതി.ഷീബ.എൽ | 01/04/18 മുതൽ 31/03/19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കല | 01/04/18 മുതൽ 31/03/19വരെ |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | ഡോ.മനോജ് കുമാർ | 01/04/18മുതൽ 31/03/19 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ.മീരാ റാണി | 01/04/18മുതൽ 31/03/19 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. ഷൈലജാദേവി | 01/04/18 മുതൽ 31/03/19 വരെ |
| ഹെഡ്മാസ്റ്റർ | 1.ശ്രീ.വിജയൻനായർ | 01/04/18 മുതൽ 30/05//18 വരെ |
| | 2.ശ്രീ.ഗിരികുമാർ.കെ.പി | 1.6.18 മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ്എഞ്ചിനീയർ | ശ്രീമതി,രമാദേവി.ബി.ആർ | 01/04/18 മുതൽ 30/6//18 വരെ |
| | ശ്രീ അനിൽ. ഡി.ജെ | 1.7.18 മുതൽ 31.3.19 വരെ |
| വെറ്റിനറി സർജൻ | ഡോ.അഖില | 01/04/18 മുതൽ 31/03/19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുരേഷ് ബാബു.എസ് | 1.4.18 മുതൽ 31.03.19 വരെ. |

**<u>ഉള്ളടക്കം</u>**

**<u>ഭാഗം - I</u>**


| ക്രമ. നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 | |
| 7 | ക്ഷേമ പദ്ധതികൾ | 1-7 | |

| | | | |
|---|---|---|---|
| 8 | ക്യാഷ് പരിശോധന | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 | |
| 10 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1-10 | |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 | |
| 12 | വസ്തു നികുതി നിർണയം-സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തനം- അപാകങ്ങൾ - നികുതി ഈടാക്കുന്നതിൽ കുറവ് സംഭവിക്കുന്നു. | 1-12 | |
| 13 | വസ്തു നികുതി നിർണ്ണയം - വൻതുക കുടിശ്ശിക നിലനിൽക്കുന്നു | 1-13 | |
| 14 | ബിൽഡിംഗ് പെർമിറ്റ് കെട്ടിട നിർമ്മാണവുംവസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-14 | |
| 15 | D&O ലൈസൻസ് - വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലും അപാകതകൾ | 1-15 | |
| 16 | തൊഴിൽ നികുതി -അപാകതകൾ | 1-16 | |
| 17 | സേവന ഉപനികുതി ചുമത്തുന്നില്ല | 1-17 | |
| 18 | പബ്ളിക് മാർക്കററിൽ പ്ലാസ്റ്റിക് സംഭരണയൂണിറ്റ്- വരുമാനച്ചോർച്ച | 1-18 | |
| 19 | ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം | 1-19 | |
| 20 | തെരുവുവിളക്കുകളുടെ വാർഷിക അറ്റ കുറ്റപ്പണികൾ നടത്തൽ- അപാകങ്ങൾ | 1-20 | |
| 21 | പുതിയ എൽഇഡി വിളക്കുകൾ വാങ്ങൽ - അപാകങ്ങൾ | 1-21 | |
| 22 | ഐ.കെ.എം ന് വിഹിതം നൽകൽ അധികതുക നൽകി. | 1-22 | |
| 23 | ജി ഐ എസ് മാപ്പിങ്ങ്-വെബ് ആപ്ളിക്കേഷൻ നടപ്പിലായില്ല-തുടർ പദ്ധതികൾ ആവിഷ്ക്കരിക്കാത്തതിനാൽ ലക്ഷ്യം നേടുന്നില്ല. | 1-23 | |
| 24 | മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമമായ പുരോഗതി-ഭരണ സംവിധാനവും എൻജിനീയറിംഗ് വിഭാഗവും ഒരുപോലെ പ്രവർത്തിക്കണം. | 1-24 | |
| 25 | ഗ്രീൻ പ്രോട്ടോക്കോൾ എ.ഡി.എസിന് പാത്രം വാങ്ങി നൽകൽ- അപാകതകൾ | 1-25 | |
| 26 | പഞ്ചായത്തിലെ സ്പോർട്സ് ടീം രൂപീകരണം-തടസ്സം 1250<br>രൂപ | 1-26 | |
| 27 | എസ്.സി വിഭാഗക്കാർക്ക് സൂര്യ റാന്തൽ നൽകൽ-അപാകതകൾ | 1-27 | |
| 28 | വൃദ്ധർക്ക് കട്ടിൽ നൽകൽ -നടത്തിപ്പിലെ അപാകതകൾ | 1-28 | |
| 29 | സ്നേഹസ്പർശം(മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്) ഹാജരാക്കിയ ചെലവുരേഖകൾക്ക് ആധികാരികതയില്ല. | 1-29 | |

| | | | |
|---|---|---|---|
| 30 | അനുപൂരക പോഷകപരിപാടി-101292/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു. | 1-30 | |
| 31 | ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകൽ- മാർഗ്ഗരേഖ പാലിച്ചിട്ടില്ല. | 1-31 | |
| 32 | ബഡ്സ് സ്കൂൾ പ്രവർത്തനം - ചെലവുരേഖകൾ ഹാജരാക്കിയില്ല. 101125/- രൂപ തടസ്സപ്പെടുത്തുന്നു. | 1-32 | |
| 33 | പകൽവീട് പ്രവർത്തനം - ചെലവുരേഖകൾ ഹാജരാക്കിയില്ല. 30475/- രൂപ തടസ്സപ്പെടുത്തുന്നു. | 1-33 | |
| 34 | അംഗണവാടി ജീവനക്കാർക്ക് അധികവേതനം നൽകൽ- 632844/- രൂപ തടസ്സപ്പെടുത്തുന്നു. | 1-34 | |
| 35 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 250000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-35 | |
| 36 | ABC പദ്ധതി-നിർവ്വഹണത്തിലെ അപാകതകൾ | 1-36 | |
| 37 | കറവപ്പശു,പെണ്ണാട്,പോത്തുക്കുട്ടി വളർത്തൽ പദ്ധതികൾ-മൃഗങ്ങളെ വാങ്ങാൻ പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. | 1-37 | |
| 38 | SSA-വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു. -15,00,000/- രൂപ | 1-38 | |
| 39 | വിദ്യാർത്ഥികൾക്ക് ചിത്രരചന,ഗാനാലാപനം,കരാട്ടെ പരിശീലനം നൽകൽ-പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ | 1-39 | |
| 40 | പദ്ധതി ആസൂത്രണ ഘട്ടങ്ങളിലും നടപടി ക്രമങ്ങളിലും വീഴ്ച – പരിഹരിക്കുന്നതിന് ഭരണസമിതി തയ്യാറാകണം. | 1-40 | |
| 41 | സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല – ഭരണസമിതി ശ്രദ്ധ നൽകണം. | 1-41 | |
| 42 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിരീക്ഷണങ്ങൾ | 1-42 | |
| 43 | പദ്ധതിക്ക് വിരുദ്ധമായി വാങ്ങൽ നടത്തി | 1-43 | |
| 44 | പാലിയേറ്റീവ് കെയർ പ്രവർത്തനം<br>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും യഥാസമയം മരുന്നും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചിട്ടില്ല. | 1-44 | |
| | ഭാഗം-2 | | |
| | ഇല്ല | | |
| | ഭാഗം-3 | | |
| | ഇല്ല | | |

<u>ഭാഗം - IV</u>

| ക്രമ.നം | ഇനം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 45 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 | |
| 46 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-2 | |
| 47 | നിക്ഷേപ പ്രവൃത്തികൾക്ക്നൽകിയ തുകകൾ | 4-3 | |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| 49 | വായ്പ തിരിച്ചടവ് | 4-5 | |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-6 | |
| 51 | ഓഡിറ്റ് റിക്കവറി | 4-7 | |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 | |
| 53 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4-9 | |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 28.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 238683490/-രൂപയും പ്രതീക്ഷിത ചെലവ് 236243000/- രൂപയും നീക്കിയിരിപ്പ് 2440490/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31-07-19 | 01.06.2019 |

## 1-3 സാമ്പത്തിക വിശകലനം

2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് ആന്റ് പേയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 20409676 |
| വരവ് | 119304280 |
| ആകെ | 139713956 |
| ചെലവ് | 105847109 |
| നീക്കിയിരിപ്പ് | 33866847 |

# 1-4 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 0 | 23341907 | 23341907 | 23341907 | 0 |
| 2 | വികസനഫണ്ട്(എസ്.സി.പി) | 0 | 2890050 | 2890050 | 2890050 | 0 |
| 3 | വികസനഫണ്ട്(ടി.എസ്.പി.) | 0 | 130000 | 130000 | 130000 | 0 |
| 4 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11473117 | 11473117 | 11473117 | 0 |
| 5 | സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 4220249 | 4220249 | 4220249 | 0 |
| 6 | സംരക്ഷണഗ്രാന്റ്(റോഡ്) | 0 | 6072543 | 6072543 | 6072543 | 0 |
| 7 | എം.ജി.എൻ.ആർ. ഇ.ജി.എസ് | 131513 | 869067 | 1000580 | 838704 | 161876 * |
| 8 | ജനറൽ പർപ്പസ് ഗ്രാന്റ്(treasury TSB) | -746935 | 18758423 | 18011488 | 4101482 | 13910006 |
| 9 | ബി ഫണ്ട് | 0 | 1402480 | 1402480 | 1402480 | 0 |
| 10 | ഇ-പേമെന്റ്(property tax) | 13439 | 8199 | 21638 | 0 | 21638 |
| 11 | കാനറ ബാങ്ക്(തനത്ഫണ്ട്) | 17103898 | 44212922 | 61316820 | 42311556 | 19005264 |
| 12 | ആനാട് ഫാർമേഴ്സ് സർവ്വീസ് കോ-ഓാ ബാങ്ക്(തനത്ഫണ്ട്) | 3801390 | 605248 | 4406638 | 4390140 | 16498 |
| 13 | തനത് ഫണ്ട് (vpfa 1&2) | 458 | 0 | 458 | 0 | 458 |
| 14 | തനത് ഫണ്ട് (vpfa 1&3) | 1981 | 0 | 1981 | 0 | 1981 |
| 15 | തനത് ഫണ്ട് (vpfa 1&4) | 389 | 0 | 389 | 0 | 389 |
| 16 | BOI-ചുള്ളിമാനൂർ(A/C No-3779) | 5730 | 203 | 5933 | 0 | 5933 |
| 17 | TSB-joint venture | -36720 | 5242841 | 5206121 | 4543615 | 662506 |
| 18 | ആനാട് ഫാർമേഴ്സ് ബാങ്ക് റിലീഫ് ഫണ്ട് | 3267 | 132 | 3399 | 0 | 3399 |
| 19 | ക്യാഷ് | 131266 | 76899 | 208165 | 131266 | 76899 |
| | | **20409676** | **119304280** | **139713956** | **105847109** | **33866847** |

*വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിലെ എം.എൻ ആർ. ഇ. ജി.എസ് ബാലൻസും പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് പാസ്സ് ബുക്കും പരിശോധിച്ചതിൽ ബാലൻസ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 1-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 211857303 | 151 | 86664433 | 0 | 69 | 69 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 131513 | 869067 | 1000580 | 838704 | 161876 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 42979000 | 42979000 | 42979000 | 0 |
| ആകെ | 131513 | 43848067 | 43979580 | 43817704 | 161876* |

***ബാലൻസ് തുക ബാങ്ക് പാസ്സ് ബുക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു**

വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിലെ എം.എൻ ആർ. ഇ. ജി.എസ് ബാലൻസും പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് പാസ്സ് ബുക്കും പരിശോധിച്ചതിൽ ബാലൻസ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 1-11ൽ

# 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1002480 | 551 |
| കർഷകതൊഴിലാളി പെൻഷൻ | 9141900 | 828 |
| വിധവാപെൻഷൻ | 20911600 | 1801 |
| വാർദ്ധക്യകാലപെൻഷൻ | 28685000 | 2781 |
| വികലാംഗപെൻഷൻ | 5420600 | 474 |
| വിധവകളുടെ പെൺമക്കൾക്കുള്ളധനസഹായം | 400000 | 13 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 669600 | 61 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന9.12.19 ന് 11.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 35732/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണസംവിധാനത്തിലെ അച്ചടക്കവും ചടുലതയും ഒരു സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രഥമ ഘടകം ആണ്. ആനാട് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പ് ഭരണസമിതി-ഉദ്യോഗസ്ഥ തലങ്ങളിൽ പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണ്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്.

ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

- തനതുവരുമാന സംഭരണം, പദ്ധതിപ്പണം ചെലവാക്കൽ എന്നിവയിൽ സാരമായ അപാകങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

പ്രധാനനിരീക്ഷണങ്ങൾ താഴെ പറയുന്നു.

- **<u>(എ) പൊതുവായആഭ്യന്തര നിയന്ത്രണം</u>**
- ജീവനക്കാരുടെ ജോലി വിഭജനം ഓഫീസ് ഓർഡർ മുഖേന നിർണ്ണയിക്കുകയും വിലയിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്.
- ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.
- **<u>(ബി) അക്കൗണ്ടിങ്ങ് സംവിധാനം</u>**
- ബഡ്ജറ്റ് തയ്യാറാക്കുന്നതിലും അക്കൗണ്ടിങ്ങ് രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇക്കാര്യത്തിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതാണ്.
- **<u>(സി) ഡി.സി.ബി ഇനങ്ങൾ- നികുതി നികുതിയേതരവരുമാനങ്ങൾ</u>**

നികുതി നികുതിയേതര വരുമാനങ്ങളിലൂടെ തനതുഫണ്ട് വർദ്ധിപ്പിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ **ഖ.1-12,1-13 കാണുക**
- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു.**(ഖ.1-15)**
- കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല **(ഖ.1-14)**
- വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.
- ലേലനടപടിക്രമങ്ങളിലെ അപാകങ്ങൾ വരവിനങ്ങളിലെകുറവിനും കാരണമാകുന്നു. **ഖ.1-18കാണുക**
- ഡിമാൻഡ് കളക്ഷൻ ബാലൻസ് പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല
- നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്തുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്.
- **<u>(ഡി) സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ</u>**
- സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നതിൽ ജാഗ്രതക്കുറവുണ്ട്,
- **<u>(ഇ) ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ</u>**

- പഞ്ചായത്തിലെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

- ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
  **<u>(എഫ്) പദ്ധതി രൂപീകരണവും നടത്തിപ്പും</u>**

- വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.

- കർമ്മപദ്ധതി തയ്യാറാക്കിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്ന വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്റ്റുകളും നടപ്പിലാക്കപ്പെടുന്നില്ല.
- വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.
- സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യകത നിശ്ചയിച്ച് പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.
- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓരോ മാസവും യോഗം ചേരുന്നുണ്ടെങ്കിലും ബജറ്റ് - ചെലവ് എന്നിവ താരതമ്യം നടത്തി ചെലവ് നിയന്ത്രിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല.
- പ്രോജക്ടിലെ ആശയങ്ങളും വികസന പരിപ്രേക്ഷ്യവും തമ്മിൽ ബന്ധമില്ല.
- പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ രേഖകൾ എന്നിവ ശരിയായി പരിപാലിക്കുന്നുണ്ടോ എന്ന വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കുന്നില്ല .
- സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർണമായും പാലിച്ച്, ജനകീയമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ-സർക്കാർമാർഗനിർദ്ദേശങ്ങൾ പാലിച്ചും അളവിലും നിരക്കിലും കൃത്യത പാലിച്ചും നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

<u>(ജി) പൊതുഭരണം</u>

- 29.01.15ലെ ജി.ഒ.എം.എസ്.18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായരീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, പരാതികൾക്ക് ഇടനൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുന്നുമുണ്ട്.
- <u>(എച്ച്)സേവന ഉപനികുതി ചുമത്തുന്നില്ല</u>
- ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ ആനാട് പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് ആക്റ്റ് 200(2) വകുപ്പ് പ്രകാരം സേവനഉപനികുതി ചുമത്തിയിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.19 | 9/2019 | 18.11.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | മാർച്ച് 2018 | 2017-18-18-19 | ലഭ്യമല്ല |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട പരാമർശങ്ങൾ

**എം.എൻ ആർ.ഇ.ജി.എസ് അക്കൗണ്ട് ബാങ്ക് ബാലൻസിലെ തുകയും വാർഷികധനകാര്യ പത്രികയിലെ ബാലൻസും പൊരുത്തപ്പെടുന്നില്ല.**

(എ) ഓഡിറ്റിന് ലഭ്യമാക്കിയ അക്കൗണ്ട്സ് പത്രിക പ്രകാരം എം.എൻ ആർ.ഇ.ജി.എസ് ധനലക്ഷ്മി ബാങ്ക് അക്കൗണ്ടിലെ 31.3.19 ലെ ബാലൻസ് തുക 161876/- ആണ്. എന്നാൽ ബാങ്ക് പാസ്സ ബുക്ക്, സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ബാലൻസ് തുക 929351 ആണ്. എം.എൻ ആർ.ഇ.ജി.എസ്സ് ന് ഭരണച്ചെലവായി മുൻകൂർ നൽകിയ തുക (763500/-) തനത് ഫണ്ട് അക്കൗണ്ടിൽ റീക്ലൂപ്പ് ചെയ്യപ്പെട്ടതായി ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ പാസ്ബുക്ക് പ്രകാരം പ്രസ്തുത തുക 2.8.19 ൽ മാത്രമാണ് അക്കൗണ്ടിൽ വന്നിട്ടുള്ളത്. കൂടാതെ 4.4.2019 ലെ ചെക്ക് നമ്പർ 282206 പ്രകാരമുള്ള 3975/- രൂപയും അക്കൗണ്ടിൽ കുറവ് ചെയ്യപ്പെട്ടിരിക്കുന്നു. ആയത് പണമാകാത്ത ചെക്കായി ക്രമീകരിച്ചിരുന്നുമില്ല. ഇപ്രകാരം ക്രമീകരണം നടത്താത്ത 767475/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നുണ്ട്( ഓഡിറ്റ് എൻക്വയറി - മറുപടി47)

(ബി) എം.എൻ ആർ.ഇ.ജി.എസ്സ് ന് ഭരണച്ചെലവായി മുൻകൂർ നൽകുന്ന തുക അക്കൗണ്ടിൽ വരുന്ന മുറക്ക് റീക്ലൂപ്പ് ചെയ്യുന്ന രീതിയാണ് അനുവർത്തിച്ച് വരുന്നത്. ടി തുകയുടെ രേഖപ്പെടുത്തലുകൾ,ക്രമീകരിക്കലുകൾ എന്നിവ ഉൾപ്പെട്ട മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നത് ഇത്തരം അപാകങ്ങൾക്ക് കാരണമാകുന്നുണ്ട്.

(സി) എം.എൻ ആർ.ഇ.ജി.എസ് അക്കൗണ്ട് സ്വകാര്യ ബാങ്കായ ധനലക്ഷ്മി ബാങ്കിൽ നിന്നും നാഷണലൈസ്ഡ് ബാങ്കിലേക്ക് മാറ്റുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

# 1-12 വസ്തു നികുതി നിർണയം-സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തനം- അപാകങ്ങൾ - നികുതി ഈടാക്കുന്നതിൽ കുറവ് സംഭവിക്കുന്നു.

വസ്തു നികുതി നിർണ്ണയം, സോഫ്റ്റ് വെയർ പ്രവർത്തനങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ നില നിൽക്കുന്നു

1. 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ പട്ടിക 1ന്റെ അടിസ്ഥാനത്തിൽ വികസിതം, വികസനസാദ്ധ്യതയുള്ളത്, വികസനം കുറഞ്ഞത് എന്നീ മാനദണ്ഡപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴുവൻ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതുംചട്ടങ്ങൾ 7(1) മുതൽ (5) വരെയുള്ള നിബന്ധനകൾ അനുസരിച്ച് പരസ്യപ്പെടുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചുപോരേണ്ടതുമാണ്. പ്രസ്തുത തരം തിരിവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയത്തിൽ ഇളവുകൾ നൽകേണ്ടതുണ്ട്. പഞ്ചായത്തിൽ അപ്രകാരം മേഖല തിരിച്ച് മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം മേഖലാമാനദണ്ഡത്തിൽ വ്യക്തതയില്ലാത്തതിനാൽ ഇളവുകൾ നൽകിയിട്ടുള്ളത് കൃത്യമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലല്ല. ആയതിനാൽ വസ്തു നികുതി മുഖേനയുള്ള വരവിൽ കുറവ് വരുന്നതായി കാണുന്നു.

മേഖലാതരം തിരിവിലെ അപാകംമൂലം വസ്തു നികുതി മുഖേനയുള്ള വരവിൽ താഴെ പറയും വിധം കുറവ് വന്നിട്ടുള്ളതായി കാണുന്നു.

**ഒരേ പെർമിറ്റിൽ ഒരേ കോംപൗണ്ടിലെ രണ്ടു കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകൾ നിർണ്ണയിച്ച നൽകിയതിലൂടെ മേഖലാതരം തിരിവിലെ അപാകംമൂലം വസ്തു നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുണ്ട്.**

| പേര് | ഒക്യുപ്പൻസി | പെർമിറ്റ് നമ്പർ | ഡോർനമ്പർ/ ഏരിയ($m^2$) | നിർണ്ണയിച്ച നൽകിയ മേഖല | നൽകിയ ഇളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | 1.പാർപ്പിടാവശ്യം | | 1.2/461<br>200.5 $m^2$ | 1.ദ്വിതീയം | 1.100.275രൂപ | പാർപ്പിടാവശ്യത്തിനും വ്യവസായ ആവശ്യത്തിനുമായി ഒരേ കോംപൗണ്ടിലെ |

| | | | | | | |
|---|---|---|---|---|---|---|
| | | | (പുതിയതായി നിർമ്മിച്ച അധികഭാഗം 74.25 $m^2$ ഉൾപ്പെടെ) | | | കെട്ടിടത്തിനാണ് പെർമിറ്റ് എടുത്തിട്ടുള്ളത്. എന്നാൽ ഒന്ന് പ്രഥമമേഖലയിലും രണ്ടാമത്തേത് ദ്വിതീയ മേഖലയിലും ആണ്. |
| | 2.വ്യവസായആവശ്യം | | 2.2/461 B<br>32.25 $m^2$ | 2.പ്രഥമം | 2.ഇല്ല | |

<u>ഒരേ വാർഡിലെ ഒരേ നമ്പറിലെ സബ് നമ്പറുകളിലെ രണ്ടു കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകൾ നിർണയിച്ച നൽകിയതിലൂടെ മേഖലാതരം തിരിവിലെ അപാകംമൂലം വസ്തു നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുണ്ട്.</u>

| പേര് | ഒക്യുപൻസി | വാർഡ് / റോഡ് | ഡോർനമ്പർ/ ഏരിയ(m2) | നിർണ്ണയിച്ച നൽകിയ മേഖല | നൽകിയ ഇളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1.എസ്.ഐ.സുനിൽ | 1.പാർപ്പിടാവശ്യം | ആനാട് ടൗൺ<br>ആനാട് ചന്ദ്രമംഗലം റോഡ് | 6/48 D/108.32$m^2$ | 1.ദ്വിതീയം | ഇല്ല | പാർപ്പിടാവശ്യത്തിനായി ഒരേ വാർഡിലെ ഒരേ റോഡിലെ സബ് നമ്പറുകളായാണ് കെട്ടിടത്തിനാണ് പെർമിറ്റ് എടുത്തിട്ടുള്ളത്. എന്നാൽ ഒന്ന് പ്രഥമമേഖലയിലും രണ്ടാമത്തേത് ദ്വിതീയ മേഖലയിലും ആണ്. |
| പ്രകാശ് അശ്വതി | 1.പാർപ്പിടാവശ്യം | ആനാട് ടൗൺ<br>ആനാട് ചന്ദ്രമംഗലം റോഡ് | 6/48 F<br>67.9$m^2$ | 2.പ്രഥമം | 33.35 | |

2.വസ്തു നികുതി നിർണ്ണയത്തിന് മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യത ഉറപ്പാക്കുന്നതിന് ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 മാന്വലായി രേഖപ്പെടുത്തി അംഗീകരിച്ച് സൂക്ഷിക്കുന്നില്ല. ആയതിനാൽ ഇളവുകൾ/ വർദ്ധനവുകൾ നൽകിയിട്ടുള്ളത് വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് പരിശോധിക്കുവാൻ കഴിയില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ 6 ന്റെ അടിസ്ഥാനത്തിലുള്ള ഇളവുകളും വർദ്ധനവുകളും കൃത്യമായി പാലിക്കേണ്ടതാണ്.

3.സഞ്ചയയിലെ വസ്തു നികുതി ഡി.സി.ബി പത്രികകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. പോസ്റ്റിങ്ങ്, രസീത് എൻട്രി ഡാറ്റാ കറക്ഷൻ എന്നിവയിലെ പൊരുത്തക്കേടാണ് ഇതിനു കാരണം. ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 വസ്തു നികുതി നിർണ്ണയം - വൻതുക കുടിശ്ശിക നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ മോഹൻദാസ് എഞ്ചിനീയറിങ്ങ് കോളേജ് പ്രവർത്തിക്കുന്ന കെട്ടിട നമ്പർ 261 A മുതൽ G വരെ, 261R,261T,261U,261P,261M,261V എന്നീ 13 കെട്ടിടങ്ങളുടെ വസ്തു നികുതി

നിർണ്ണയവും ഈടാക്കലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ നില നിൽക്കുന്നു.

1.ഫയൽ നമ്പർ 6671/16 പ്രകാരം 14 വർഷം പഴക്കമുള്ള പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി സ്ഥാപനത്തിന്റെ എഞ്ചിനീയർ കെട്ടിടങ്ങളുടെ അളവുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് 5/2017 ൽ മാത്രമാണ്. തുടർന്ന് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2013-14 മുതലുള്ള വസ്തു നികുതി ഈടാക്കുന്നതിനായി ഡിമാന്റ് ചെയ്യുകയും തൻ വർഷം വരെയുള്ള വസ്തു നികുതി ഈടാക്കുന്നതിനായി കെട്ടിട ഉടമയുമായി കത്തിടപാട് നടത്തുകയും ചെയ്തിട്ടുണ്ട്.

സഞ്ചയ പ്രകാരം താഴെ പറയും വിധമാണ് 2013-14 മുതലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| 1. | 261/A | 162043 | 46298 | 115745 |
| 2. | 261/B | 182350 | 52100 | 130250 |
| 3. | 261/C | 87409 | 24974 | 62435 |
| 4. | 261/D | 155722 | 44492 | 111230 |
| 5. | 261/E | 460955 | 15286 | 445669 |
| 6. | 261/F | 152124 | 43464 | 108660 |
| 7. | 261/G | 104391 | 29826 | 74565 |
| 8. | 261/M | 1101912 | 314832 | 787080 |
| 9. | 261/P | 6965 | 1990 | 4975 |
| 10. | 261/R | 17437 | 4982 | 12455 |
| 11. | 261/U | 98297 | 28082 | 70215 |
| 12. | 261/V | 1428938 | 408268 | 1020670 |
| 13. | 261/T | 152684 | 43624 | 109060 |

2. ഇത്തരത്തിൽ വൻതുക കുടിശ്ശികനിലനിൽക്കുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് ഫയൽ നമ്പർ 6671/16 പരിശോധിച്ചതിൽ 2013-14 മുതലുള്ള വിവരങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളു എന്ന് കാണുന്നു. അതിനു മുൻപായി പ്രസ്തുത കെട്ടിടത്തിന്റെ പെർമിറ്റ് ഫയൽ, കംപ്ലീഷൻ,നമ്പറിങ്ങിനായി നൽകിയ അപേക്ഷ പണിപൂർത്തിയായ വിസ്തീർണ്ണം കെട്ടിട നിർമ്മാണ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ സ്ഥാപനത്തിന്റെ മരാമത്ത് വിഭാഗം നൽകിയ സാക്ഷ്യപത്രം , നിർണ്ണയിച്ചതും ഈടാക്കിയതുമായ നികുതി വിവരങ്ങൾ എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 52 മുഖേന ആവശ്യപ്പെട്ടെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വിവരങ്ങൾ പരിശോധിക്കുവാൻ കഴിഞ്ഞില്ല

3. 2013-14 മുതലുള്ള വസ്തുനികുതി കുടിശ്ശിക അടവാക്കുന്നതിൽ കെട്ടിട ഉടമ വീഴ്ച്ച വരുത്തിയതിനെത്തുടർന്ന് സ്ഥാപനം പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട് നെടുമങ്ങാട് ജെ.എഫ്.എം.സി -1കോടതിയിൽ നിലനിൽക്കുന്ന കേസും കെട്ടിട ഉടമ ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസും പെൻഡിങ്ങ് ആണ്. ഈ സാഹചര്യത്തിൽ സഞ്ചയ പ്രകാരം 14 വർഷം പഴക്കമുള്ള ഈ കെട്ടിടത്തിന്റെ പെർമിറ്റ് അനുവദിച്ചതു മുതലുള്ള എല്ലാ നടപടികളുടേയും വസ്തു നികുതി നിർണ്ണയം ഉൾപ്പെടെയുള്ള വിശദവിവരങ്ങളും കേസിന്റെ പുരോഗതിയും വസ്തു നികുതി കുടിശ്ശികയുടെ അടവുമായി ബന്ധപ്പെട്ട രേഖകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 1-14 ബിൽഡിംഗ് പെർമിറ്റ് കെട്ടിട നിർമ്മാണവുംവസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

1. തദ്ദേശസ്വയംഭരണവകുപ്പിന്റെ 2/12/15-ൽ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ,വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം,നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ ആനാട് ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്. കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അപേക്ഷയോടൊപ്പം നൽകുന്ന മറ്റ് രേഖകളുടെ പകർപ്പ്,പെർമിറ്റ് എന്നിവയൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് മുതൽ നമ്പറിംഗ് വരെയുള്ള കാര്യങ്ങൾ ഒറ്റ ഫയലായി കൈകാര്യം ചെയ്യുന്നത് അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും ആയത് ക്രമവത്കരിക്കുന്നതിനും സഹായകരമായിരിക്കും.

- സങ്കേതം സഞ്ചയയും സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് വിവരങ്ങളിൽ നിന്ന് ടാക്സ് ഡിമാന്റ്, സാംഖ്യയിലെ ഡിമാന്റ് എന്നിവയുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല. പെർമിറ്റ് ഫീ അടച്ച രസീത് നമ്പർ മാന്വലായിട്ടാണ് എൻട്രി വരുത്തുന്നത്.
- മാന്വലായി നടത്തുന്ന രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ KPBR Violation detect ചെയ്യുന്നതിന് സംവിധാനമുണ്ടെങ്കിലും അപ്‌ലോഡ് ചെയ്യപ്പെട്ട Building Plan മായി താരതമ്യം ചെയ്യുന്നതിനോ മറ്റ് അപാകതകൾ കണ്ടു പിടിക്കുന്നതിനോ സോഫ്റ്റ്‌വെയറിൽ self detection സംവിധാനമില്ല.
- പെർമിറ്റ് അനുവദിച്ചതിനുശേഷം Completion ആകുമ്പോഴോ പിന്നീടോ എക്സ്റ്റൻഷൻ ഉണ്ടായാൽ അത് regularise ചെയ്യുന്നത് സങ്കേതം മുഖേനയല്ല, മറ്റൊരു ഫയലായിട്ടാണ് . ഏരിയയിൽ വ്യത്യാസം വരുന്ന സന്ദർഭങ്ങളിൽ പെർമിറ്റ് ഫയലിൽ മാറ്റം വരുന്നില്ല.
- കെട്ടിട നമ്പറിംഗുമായി ഇത് ബന്ധപ്പെടുത്തിയിട്ടില്ല.

അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് KPBR പ്രകാരമുള്ള നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവത്കരിക്കാവുന്നതാണ്.

താഴെ പറയുന്ന അപേക്ഷകൾ പരിശോധിച്ചതിൽ അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ചുള്ള നിർമ്മാണങ്ങൾക്ക് പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് | കെട്ടിടനമ്പർ | പെർമിറ്റ് നമ്പർ | അധിക വിസ്തീർണ്ണം (ഫയൽ പ്രകാരം) | ഈടാക്കേണ്ട രാജിയാക്കൽ ഫീസ് @9/m |
|---|---|---|---|---|---|
| 1 | സനിൽരാജ് | 1/283 | A4 1338/17 | 36.43 m2 | 328 |
| 2 | ആർ. ജയലക്ഷ്മി | 18/477 A | A4/4152/18 | 113 m2 | 1017 |
| 3 | ഷിബു വി | 14/336 | A4/714/18 | 36.80 | 331 |
| 4 | ജയപ്രകാശ് | 10/324 A | A4/5657/17 | 43.83 | 394 |

| | | | | | |
|---|---|---|---|---|---|
| 5 | ശോഭനകുമാരി | | A4/2886/18 | 4.18 m2 | 38 |

രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ (രസീതിന്റെ പകർപ്പ്)ഓഡിറ്റ് എൻക്വയറി 42 മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. പ്രസ്തുത തുകയടക്കം തൻ വർഷം ഇത്തരത്തിൽ ഈടാക്കേണ്ട തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-15 D&O ലൈസൻസ് - വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലും അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1)1996-ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് ലൈസൻസ് നൽകൽ, ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയ ആദ്യ 100 സ്ഥാപനങ്ങളിൽ, 28 സ്ഥാപനങ്ങൾ മാത്രമാണ് മേൽ കാലാവധിക്കുള്ളിൽ ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്.

2)പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 9/18-19 | X/537 | ജി. വിജയൻ | മിനറൽ വാട്ടറും സോഫ്റ്റ് ഡ്രിംഗ്സും സ്റ്റോക്ക് ചെയ്ത് വില്പന |
| 14/18-19 | XVI/554 | നവീൻ ഫിലിപ്പ് | മാരുതി സ്പെയർ പാർട്സ് വില്പന |
| 16/18-19 | VI/597-A | മുകേഷ് കെ.പി | കെട്ടിട നിർമ്മാണം സംബന്ധിച്ച സേവന ഓഫീസ് |
| 18/18-17 | VI/155A | ഷീജാബീവി | കോഴിവളർത്തൽ |

4)സഞ്ചയ സോഫ്റ്റ് വെയർ വിവരമനുസരിച്ച് 2018 -19 ൽ 2091 കൊമേഴ്സ്യൽ സ്ഥാപനങ്ങളാണ് വസ്തു നികുതി പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത് . വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ തരം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ $100M^2$ വരെ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പ് ഗോഡൗൺ | 1567 |
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ $100M^2$ മുകളിൽ | 54 |

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ 200M$^2$ ന് മുകളിൽ സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ , | 2 |
| കമ്പ്യൂട്ടർ സെന്റർ, ബങ്കുകൾ, ഫ്യൂവൽ സ്റ്റേഷൻ, പെട്ടിക്കടകൾ മുതലായവ | 71 |
| വ്യവസായം കയർഷെഡ്, കൈത്തറി ഷെഡ് മുതലായവ | 78 |
| ഇതര വ്യവസായം | 86 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 233 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. 1858 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. ഇപ്രകാരം വാണിജ്യസ്ഥാപനങ്ങളിൽ വസ്തുനികുതി അടവാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വ്യത്യാസം ഉണ്ട്.

5) റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 34 ന് എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ലായെന്നും റേഷൻകടകൾ പോലുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാൻ തയ്യാറാകുന്നില്ലായെന്നും ലൈസൻസ് മേള നടത്തി കൂടുതൽ ലൈസൻസ് നൽകുന്നതിന് ഭരണസമിതി തീരുമാനം കൈക്കൊള്ളുന്നത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസോടുകൂടി മാത്രം പ്രവർത്തിക്കുന്നുവെന്നുറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതും വരവിൽ ചോർച്ച ഉണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-16 തൊഴിൽ നികുതി -അപാകതകൾ

1. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

എ) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 ബി വകുപ്പ് പ്രകാരം നികുതിക്ക് വിധേയരായവരുടെ പട്ടിക സമർപ്പിക്കാൻ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

ബി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 സി വകുപ്പ് പ്രകാരം സെക്രട്ടറിക്ക് തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ നികുതിക്ക് വിധേയരായവരുടെ പട്ടിക സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്

സി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 ഇ വകുപ്പ് പ്രകാരം ഓരോ വർഷവും ഏപ്രിലിൽ സ്ഥാപനങ്ങളുടെ പേരു നല്കുന്നതിന് ഓഫീസ് മേധാവിയോടും തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

ഡി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 എഫ് വകുപ്പ് പ്രകാരം ഓരോ വർഷവും മേയിലും നവംബറിലും ഓഫീസ് മേധാവിയോട് ആ സ്ഥാപനത്തിൽ തൊഴിൽനികുതി അടക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി തിട്ടപ്പെടുത്താൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

ഇപ്രകാരമുള്ള നടപടിക്രമങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43 ന് സ്ഥാപന നികുതി അടയ്ക്കുന്നതിന് അതാത് അർദ്ധവർഷത്തിൽ തന്നെ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഒടുക്കാത്തവർക്ക് റിമൈൻഡർ നോട്ടീസ് നൽകിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിരിക്കുന്നത്. എന്നാൽ മറുപടിയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

**2) നിർദ്ദിഷ്ട മാതൃകയിൽ പത്രിക സമർപ്പിച്ചിട്ടില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14,16 പ്രകാരം ഫാറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായിട്ടില്ല. ഉദാഹരണമായി ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ നിർദ്ദിഷ്ട മാതൃകയിലുള്ള പത്രിക സമർപ്പിച്ചിട്ടില്ല.

a) ഹെർക്കുലീസ് ഓട്ടോമൊബൈൽസ് പ്രൈവറ്റ് ലിമിറ്റഡ്

b) മുത്തൂറ്റ് മൈക്രോഫിനാൻസ് ലിമിറ്റഡ്

c)മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43 ന് പ്രസ്തുത സ്ഥാപനങ്ങൾക്ക് ഈ പോരായ്മ കാണിച്ച് അടിയന്തിരമായി നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**3)ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനികുതി ഈടാക്കിയില്ല.**

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2018-19 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

**4)സ്ഥാപന തൊഴിൽ നികുതി - രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല**

**1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ** നിഷ്കർഷിച്ച പ്രകാരം **പഞ്ചായത്ത്** പരിധിയിൽ തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ ഗ്രാമപഞ്ചായത്ത് കാലികമാക്കി സൂക്ഷിക്കുന്നില്ല. നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെവിവരങ്ങൾ കൃത്യമായും രേഖപ്പെടുത്താത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനും വാർഷിക കണക്കുകളിലെ തുകയുടെ ആധികാരികത പരിശോധിക്കാനും ഓഡിറ്റിന് സാധിച്ചിട്ടില്ല. രജിസ്റ്റർ പ്രകാരം സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം |
|---|---|
| ഡോറ ഫിനാൻസ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തുക ഈടാക്കിയിട്ടില്ല |
| ആശിർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡ് | " |
| പി.ആർ ഓഡിറ്റോറിയം | " |
| എം.റ്റി ഹാൾ | " |
| കെ.എസ്.ഇ.ബി | " |
| സപ്ലൈകോ സൂപ്പർമാർക്കറ്റ്, ചുള്ളിമാനൂർ | " |
| ബാങ്ക് ഓഫ് ഇന്ത്യ | ഒന്നാം അർദ്ധ വർഷം ഈടാക്കിയിട്ടില്ല |
| മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തുക ഈടാക്കിയിട്ടില്ല |
| സെൻട്രൽ അരക്കനട്ട് കോപ്പറേറ്റീവ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം ഈടാക്കിയിട്ടില്ല |
| മധുര മൈക്രോ ഫിനാൻസ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം ഈടാക്കിയിട്ടില്ല |
| കാംകോ ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തുക |

| | |
|---|---|
| | ഈടാക്കിയിട്ടില്ല |
| ആനാട് ഫാർമേഴ്സ് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധവർഷം ഈടാക്കിയിട്ടില്ല |
| കാനറാ ബാങ്ക് , ആനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തുക ഈടാക്കിയിട്ടില്ല |
| ആശീർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡ് | രണ്ടാംഅർദ്ധവർഷം ഈടാക്കിയിട്ടില്ല |
| മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം ഈടാക്കിയിട്ടില്ല |
| ഹെർക്കുലീസ് ഓട്ടോമൊബൈൽസ് ഇൻറർനാഷണൽ (പ്രൈ)ലിമിറ്റഡ് | രണ്ടാംഅർദ്ധവർഷം ഈടാക്കിയിട്ടില്ല |
| ഹെർക്കുലീസ് ഓട്ടോമൊബൈൽസ് ചുള്ളിമാനൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തുക ഈടാക്കിയിട്ടില്ല |
| ആട്ടുകാൽ റൂറൽ കോപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധവർഷം ഈടാക്കിയിട്ടില്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43ന് 13 സ്ഥാപനങ്ങൾ സ്ഥാപനനികുതി അടവാക്കിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഏത് അർദ്ധവർഷത്തെ തുകയാണെന്നതിനെ സംബന്ധിച്ച് മറുപടിയിൽ വ്യക്തതയില്ല. കൂടാതെ മറുപടിയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകളും ലഭ്യമാക്കിയില്ല.

5. ചില സ്ഥാപനങ്ങളിൽ ജീവനക്കാരുടെ ഒരു അർദ്ധവർഷത്തെ പത്രികമാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത് രണ്ട് അർദ്ധ വർഷത്തേയും പത്രികകൾ പൂർണമായും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. പത്രിക ലഭ്യമാക്കാത്തതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഗവ.എൽ.പി.എസ് ആനാട് - II half

ബി) ക്രിസ്തു ജ്യോതി സീനിയർ സെക്കന്ററി സ്കൂൾ- II half

സി) മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് – II half

ഡി) എസ്.എൻ.വി ഹയർ സെക്കൻററി സ്കൂൾ- I half

ഇ) കുടുംബശ്രീ . സി.ഡി.എസ്- I half

6. രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഉദാ. പോസ്റ്റ് ഓഫീസ്, ആനാട്

ബി. എസ്.എൻ.എൽ ഓഫീസ് ആനാട്

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43ന് പ്രസ്തുത സ്ഥാപനങ്ങൾ പത്രിക സമർപ്പിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. പത്രിക സമർപ്പിക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി എപ്രകാരമാണ് കണക്കാക്കിയതെന്ന് വ്യക്തമല്ല.

7. പത്രിക പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

ഉദാ. കുടുംബശ്രീ സി.ഡി.എസ്

ഹെർക്കുലീസ് ഓട്ടോമൊബൈൽസ് ഇൻറർനാഷണൽ (പ്രൈ) ലിമിറ്റഡ്

8.ഗ്രാമപ്പഞ്ചായത്തിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ദേവകി ക്ലിനിക്കൽ ലാബിലെ ജീവനക്കാരിൽ നിന്നും 2018-19 ൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 44 ന് ലഭ്യമാക്കിയ മറുപടിയിൽ അവ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ടെന്നും നികുതി പൂർണ്ണമായും പിരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 സേവന ഉപനികുതി ചുമത്തുന്നില്ല

ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ ഗ്രാമ പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 200(2) വകുപ്പ് പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്താവുന്നതാണ്. ജലവിതരണത്തിന് വസ്തുനികുതിയുടെ 3%ൽ കുറയാത്ത തുകയും തെരുവ് വിളക്കിന് 2% ൽ കുറയാത്ത തുകയും സേവനഉപനികുതിയായി ചുമത്താവുന്നതാണ്. തനത് വരുമാന വർദ്ധനവിനായി പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തി പരമാവധി വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സ്വീകരിക്കേണ്ടതാണ്.

# 1-18 പബ്ളിക് മാർക്കററിൽ പ്ലാസ്റ്റിക് സംഭരണയൂണിറ്റ്

ആനാട് പബ്ളിക് മാർക്കറ്റിൽ നിന്ന് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 2017-18 വർഷത്തെ ലേലത്തിലും പുനർ ലേലത്തിലും ക്വട്ടേഷനിലും ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ 20.9.2017ലെ 3-ാം നം. തീരുമാനപ്രകാരം മാർക്കറ്റിന്റെ മറ്റ് ഉപയോഗസാധ്യതകളെക്കുറിച്ച് പരിശോധിക്കുന്നതിനും പ്ളാസ്റ്റിക് മാലിന്യ ശേഖരണയൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതയെ സംബന്ധിച്ച് പരിശോധിക്കുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാനെ ചുമതലപ്പെടുത്തിയതായും മേൽ തീരുമാന പ്രകാരം ആനാട് മാർക്കറ്റ് പ്ളാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഉപയോഗിക്കുന്നതിനും തീരുമാനിച്ചതായി ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷവും പ്രസ്തുത മാർക്കറ്റ് ലേലം ചെയ്ത് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 36 ന് 2017-18 സാമ്പത്തികവർഷം ആനാട് മാർക്കറ്റ് ആരും ലേലത്തിൽ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ മാർക്കറ്റിന്റെ ഒരു ഭാഗം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി എം.സി.എഫ് യൂണിറ്റ് സ്ഥാപിച്ചുവെന്നും അതിനാൽ 2018-19 വർഷം ആനാട് മാർക്കറ്റ് ലേലത്തിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് എം.സി.എഫ് സ്ഥാപിച്ചിട്ടുള്ളതെന്നും മാർക്കറ്റിന് യാതൊരു മാറ്റവും വരുത്തിയിട്ടില്ലായെന്നും അന്തിച്ചന്ത ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (പൊതുസുരക്ഷയും സൗകര്യവും ആരോഗ്യവും ) ചട്ടങ്ങൾ 221 (3) പ്രകാരം പൊതുമാർക്കറ്റുകളായി ഉപയോഗിക്കുന്ന സ്ഥലങ്ങൾ ഗ്രാമപഞ്ചായത്ത് ശരിയായ രീതിയിൽ പരിപാലിക്കേണ്ടതും അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കല്ലാതെ അതിന്റെ ഏതു ഭാഗവും ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്. പ്രസ്തുത ചട്ടത്തിൽ ഇപ്രകാരം പറഞ്ഞിരിക്കെ എപ്രകാരമാണ് മാർക്കറ്റിൽ പ്ളാസ്റ്റിക് മാലിന്യ യൂണിറ്റ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമല്ല. നിലവിൽ പൊതുമാർക്കറ്റായി ഉപയോഗിച്ചിരുന്നതും പഞ്ചായത്തിന്റെ വരുമാനമാർഗ്ഗവുമായിരുന്ന സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിച്ചത് പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കെതിരാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു

# 1-19 ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ

## എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം

ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ ഫോറവിലയായി ലഭിക്കാനുള്ള 237342/-രൂപ (ഓഡിറ്റ് എൻക്വയറി-14നുള്ള മറുപടി)പഞ്ചായത്ത് ഫണ്ടിൽ എത്തിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

## 1-20 തെരുവുവിളക്കുകളുടെ വാർഷിക അറ്റ കുറ്റപ്പണികൾ നടത്തൽ- അപാകങ്ങൾ

| പ്രോജക്ട് നമ്പർ | S0048/19 |
|---|---|
| പേര് | തെരുവുവിളക്കുകളുടെ വാർഷിക അറ്റ കുറ്റപ്പണികൾ നടത്തൽ |
| അടങ്കൽ | 500000(Revised-1000000) |
| ചെലവ് | 955657/- |
| ഫണ്ട് | 1.50000 (വികസനഫണ്ട്)<br>2.142000 (ധനകാര്യകമ്മിഷൻഗ്രാന്റ്)<br>3.308000 (തനത്ഫണ്ട്) |
| ബിൽ നമ്പർ/ ചെക്ക് നമ്പർ | 1. ( 24/28.11.18) 50000/-<br>2.( 25/28.11.18) 142000/-<br>3. (Ch.No:170784 Dt.12.12.18) 74937/-<br>4.( Ch.No:388811 Dt22.2.19) 188720 /-<br>5. (Ch.No:643440 Dt.30.3.19) 490000/- |
| ഫയൽ നമ്പർ | A2/ 8355/2018 |
| നിർവഹണം | സെക്രട്ടറി |

മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)തെരുവു വിളക്കുകളുടെ വാർഷിക അറ്റ കുറ്റപ്പണികൾ നടത്തുന്നതിനായി 500000/- രൂപഅടങ്കൽ നിശ്ചയിച്ച് പദ്ധതി വിഭാവനം ചെയ്തു. പ്രസ്തുത പദ്ധതിയിൽ അറ്റകുറ്റപ്പണികൾക്കായി എത്ര വിളക്കുകൾ (വാർഡ് തിരിച്ച്) ആകെ ഉണ്ടെന്നോ എത്രഎണ്ണത്തിന് മെയിന്റനൻസ് ആവശ്യമാണെന്നോ വിലയിരുത്താതെ വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനമില്ലാതെയാണ് പ്രസ്തുത അടങ്കൽ തുക നിശ്ചയിച്ചത്.

2) 2018-19 പദ്ധതി ഭേദഗതിയിൽ 17.12.18.ലെ 11(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഭേദഗതി ചെയ്ത് അടങ്കൽ 10ലക്ഷമായി ഉയർത്തി ഡി.പി.സി.അംഗീകാരം ലഭ്യമായതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത റിവൈസ്ഡ് പ്രോജക്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല.

3) പഞ്ചായത്ത് ഭരണസമിതിയുടെ 2(1)/30-10-18-ാം നമ്പർ തീരുമാനപ്രകാരം വാർഷിക അറ്റ കുറ്റപ്പണികൾ നടത്തുന്നതിനായി കെ.എസ് പ്രസാദ്, എസ്.കെ ഇലക്ട്രിക്കൽസ് എന്നയാളെ തെരഞ്ഞെടുത്തിട്ടുണ്ട്. 500000/- ആയി ഉയർത്തുന്നതിനു മുൻപ് 200000/- രൂപ അടങ്കൽ നിശ്ചയിച്ച സമയത്ത് പ്രവൃത്തിക്ക് ടെണ്ടർ സമർപ്പിച്ചതിന്റെ രേഖകളാണ് ഫയലിൽ ഉള്ളത്; ഇതിന്റെ ടെണ്ടർ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ, ടെണ്ടർ സ്പെസിഫിക്കേഷൻ, അടങ്കൽ തുക എന്നിവ ഉൾപ്പെട്ട ടെണ്ടർ നോട്ടീസ്, എന്നിവ പരിശോധിച്ചതിൽ

30.8.18 ലെ ദർഘാസ് പരസ്യപ്രകാരം 19 വാർഡുകളിലേയും തെരുവു വിളക്കുകൾക്ക് ഒരു വർഷത്തേക്ക് മെയിന്റനൻസ് നടത്തുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. തെരഞ്ഞെടുത്ത ടെണ്ടററുമായി പ്രവർത്തന കാലാവധി, തുക നൽകേണ്ട ഘട്ടങ്ങൾ എന്നീവ്യവസ്ഥകൾ ഉൾപ്പെടുത്തി ചമച്ച കരാർ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ തന്നെ ഏതു തീയതി വരെയാണ് മെയിന്റനൻസ് നടത്തേണ്ടതെന്ന് കരാറുകാരന് നിർദ്ദേശം ലഭിച്ചിട്ടില്ല എന്നു കാണുന്നു. 8/18നു ശേഷം ഒരു വർഷത്തേക്ക് കരാറിൽ ഏർപ്പെട്ട് ചെയ്യേണ്ടിയിരുന്ന ഒരു പ്രവൃത്തിക്ക് മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തീകരിച്ച് 686938/- രൂപക്കുള്ള ബിൽ കരാറുകാരൻ സമർപ്പിച്ചിട്ടുള്ളതിൽ 3/19ലെ ചെക്ക് പ്രകാരം തന്നെ പ്രോജക്റ്റിന്റെ ബാക്കി തുകയായ 490000/- രൂപ ചെലവായതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏത് അംഗീകൃത നിരക്കിന്റെ അടിസ്ഥാനത്തിൽ എത്ര വിളക്കുകൾ അറ്റകുറ്റപ്പണികൾ നടത്തിയിട്ടാണ് പ്രസ്തുത തുക ഡിമാന്റ് ചെയ്തിട്ടുള്ളത് എന്നും ഈ തുക നൽകിയതെന്നും ഓഡിറ്റ് എൻക്വയറി 29ന് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.കരാർ കാലയളവിലെ ബാക്കി മാസങ്ങളിൽ എപ്രകാരമാണ് മെയിന്റനൻസ് നടത്തിയതെന്നും വ്യക്തമല്ല.

4)3.10.18 ലെ പഞ്ചായത്ത് ഭരണസമിതി സാധാരണ മീറ്റിങ്ങിലെ 2(1) തീരുമാനപ്രകാരംതെരുവു വിളക്ക് മെയിന്റനൻസിനാവശ്യമായ ഇലക്ട്രിക്ക് സാധനങ്ങൾ വാങ്ങുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് 10.10.18 ൽ സപ്ലൈ ഓർഡർ നൽകി.എന്നാൽ സ്ഥാപനവുമായി 5.11.2018 ൽ ചമച്ച കരാറിൽ അടങ്കൽ തുകയോ സാധനങ്ങളുടെ സപ്ലൈ കാലാവധി സംബന്ധിച്ച വ്യവസ്ഥകളോ ഉൾപ്പെടുത്തിയിട്ടില്ല.

5.മെയിന്റനൻസിനാവശ്യമായ ഇലക്ട്രിക്ക് സാധനങ്ങൾ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി വ്യത്യസ്ത സ്ഥാപനങ്ങളെ തെരഞ്ഞെടുത്തെങ്കിലും പ്രോജക്റ്റിന്റെ അടങ്കൽ തുകയിൽ നിന്നും എപ്രകാരമാണ് ചെലവ് നടത്തേണ്ടതെന്ന് വ്യക്തതയില്ലാതെയാണ് നടത്തിയിട്ടുള്ളതായി കാണുന്നത്. ഫയൽ രേഖകൾ പ്രകാരം 455117/- രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6.ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെഎസ്ഇബി യുമായി സംയുക്ത പരിശോധന നടത്തി രജിസ്റ്റർ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി12ന് മറുപടി നൽകിയിട്ടുണ്ട്.

ആയത് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് .

7.സ്ഥാപിച്ച വിളക്കുകൾ /മെയിന്റനൻസ് സംബന്ധിച്ച് കെഎസ്ഇബിയുടെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ആയതിനാൽ തന്നെ ചെലവാക്കിയതുകയുടെ ആധികാരികത ഉറപ്പുവരുത്താൻ കഴിയുന്നില്ല. സ്റ്റോക്കും വിതരണവും സാക്ഷ്യപ്പെടുത്തി ഹാജരാക്കുകയുംകെ.എസ്,ഇ,ബിയുടെ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതും വികസനഫണ്ടും തനതു ഫണ്ടും ഉൾപ്പെടെ വൻതുക വകയിരുത്തി നടത്തിയതുമായ മേൽ പദ്ധതിയുടെ അപാകങ്ങൾ ജാഗ്രതയോടെ വിലയിരുത്തേണ്ടതും ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 പുതിയ എൽഇഡി വിളക്കുകൾ വാങ്ങൽ - അപാകങ്ങൾ

പ്രോജക്റ്റ് നമ്പർ -SO 134/19

ഫയൽ നമ്പർ -A2-672/18

അടങ്കൽ -3361500

ചെലവ് -1916798+1350000(18-19)= 3266798/-

ബിൽ നമ്പർ -1.1/19.5.18

2.6/31.5.18

സ്റ്റാന്റിങ്ങ് കമ്മിറ്റി -ധനകാര്യം

വർക്കിങ്ങ് ഗ്രൂപ്പ് -പൊതുഭരണവും ധനകാര്യവും

17-18ലെ പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാവാർഡുകളിലും 12 W LED വിളക്കുകൾ ടെണ്ടർനടപടികളിലൂടെ സ്ഥാപിക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ പൊതുഭരണം ധനകാര്യം വർക്കിംഗ് ഗ്രൂപ്പ് ചുമതലയിൽ നടപ്പിലാക്കാൻ തീരുമാനിച്ച ഈ പ്രോജക്ടിൽ ഗവൺമെൻറ് അംഗീകൃത സ്ഥാപനമായ KREWS ൽ നിന്നും 1222 എണ്ണം 18 Watts LED street lighting luminary എന്ന ഇനം തെരുവ് വിളക്കുകൾ ടെണ്ടർനടപടികൾ കൂടാതെ വാങ്ങിയിട്ടുണ്ട്.

23.2.18, 27.2.18 എന്നീ തീയതികളിലായി 1222 18 വാട്ട് എൽഇഡി ലൈറ്റുകൾ ലഭ്യമായതായി ഫയൽ രേഖകൾ വ്യക്തമാക്കുന്നു. 2017-18 വർഷം 1916798/- രൂപയുടെ ചെലവ് നടത്തിയെങ്കിലും ട്രഷറി ബിൽ ക്യൂവിലായതിനാൽ ചെലവായില്ല. 18-19 ൽ സ്പിൽ ഓവർ പദ്ധതിയായി രൂപീകരിക്കുകയാണ് ചെയ്തിട്ടുള്ളത് ഈ പദ്ധതിയുടെ നടത്തിപ്പിൽ വന്നിട്ടുള്ള അപാകങ്ങൾ താഴെ പറയുന്നു

1)12 W LED വിളക്കുകൾ വാങ്ങുന്നതിന് അംഗീകാരം ലഭിച്ച പ്രോജക്ടിൽ വിളക്കുകളുടെ കപ്പാസിറ്റി ഉയർത്തി 18 watts ആക്കി മാറ്റി. വാർഡ് മെമ്പർമാരുടെ അഭ്യർത്ഥന മാനിച്ചാണ് അപ്രകാരം കപ്പാസിറ്റി ഉയർത്തിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 32 ന്റെ മറുപടി)

2) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെഎസ്ഇബി യുമായി സംയുക്ത പരിശോധന നടത്തി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3)പുതിയ 1222 എൽഇഡി വിളക്കുകൾ വാങ്ങി സ്ഥാപിക്കാൻ പ്രോജക്ട് തയ്യാറാക്കിയപ്പോൾ തെരുവ് വിളക്ക് രജിസ്റ്ററിലെ അഭാവത്തിൽ നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലല്ല എണ്ണം നിശ്ചയിച്ചത്.

4) KREWS മായി ചമച്ച കരാറിൽ വാങ്ങേണ്ട വിളക്കുകളുടെ എണ്ണം, തുക, സാധനങ്ങൾ ലഭ്യമാക്കേണ്ട കാലാവധി, ഇൻസ്റ്റാൾ ചെയ്യേണ്ട കാലാവധി,ഗുണനിലവാര പരിശോധനാ റിപ്പോർട്ട് എന്നിവയൊന്നും തന്നെ പരാമർശിച്ചിട്ടില്ല. ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്എണ്ണം തീരുമാനിച്ചത് .

5) പ്രോജക്ട് S0048/19 ന്റെ ഭാഗമായി യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലം എന്ന സ്ഥാപനത്തിൽ നിന്ന് 5/11/18 ൽ 12 Wattsന്റെ 1000 LED bulb കൾ വാങ്ങിയിട്ടുണ്ട്. 2018 ഫെബ്രുവരി യിലാണ് 1222 LEDവിളക്കുകൾ വാങ്ങുന്നതിന് കരാർ ചമച്ചതും വിളക്കുകൾ ലഭ്യമായതും എന്നിരിക്കെ ഇപ്രകാരം വീണ്ടും പ്രോജക്ട് തയ്യാറാക്കി വിളക്കുകൾ വാങ്ങിയതിൽ നിന്നും പദ്ധതി ഫലപ്രാപ്തി നേടിയിട്ടില്ല എന്നു വ്യക്തമാവുന്നു.

6)ഗവൺമെൻറ് അംഗീകൃത ഏജൻസിയായ ക്രൂസിൽ നിന്നാണ് വാങ്ങിയിട്ടുള്ളത് എങ്കിലും ഗുണനിലവാരം ആധികാരികമായി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപിച്ച് ഒരു മാസത്തിനകം തന്നെ 250 ഓളം എൽഇഡി വിളക്കുകൾ കേടായതായി പരാതികൾ ലഭിച്ചതായി ഇതു സംബന്ധിച്ച ഫയലിൽ രേഖപ്പെടുത്തലുണ്ട്. തുടർന്ന് റിപ്പയർ ചെയ്തു എങ്കിലും 29.12.2018 ലെ എ2/672/2018 നമ്പർ കത്തു മുഖേന വിവിധ വാർഡുകളിലായി 767 ലൈറ്റുകൾ കേടായിരിക്കുകയാണെന്നും ആയത് പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് സെക്രട്ടറി ക്രൂസിന് കത്തയച്ചിട്ടുണ്ട്. തുടർന്ന് 22.1.19 ലും 14.10.19 ലും ഇതേ ആവശ്യത്തിന് കത്തയച്ചിട്ടുണ്ട്. കരാറിൽ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ ഉൾക്കൊള്ളിക്കാതിരുന്ന സാഹചര്യത്തിൽ പഞ്ചായത്തിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾക്ക് പരിമിതിയുണ്ട് എന്ന് വ്യക്തമാകുന്നു.

7)സ്ഥാപിച്ച വിളക്കുകൾ സംബന്ധിച്ച് കെഎസ്ഇബിയുടെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയതിനാൽ തന്നെ ചെലവാക്കിയ തുകയുടെ ആധികാരികത ഉറപ്പുവരുത്താൻ കഴിയുന്നില്ല. സ്റ്റോക്കും വിതരണവും സാക്ഷ്യപ്പെടുത്തി ഹാജരാക്കുകയും ഇൻസ്റ്റലേഷൻ സംബന്ധിച്ച് കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ക്റ്റ് ആസൂത്രണം ചെയ്ത് നിർവഹണം നടത്തിയതിൽ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും വർക്കിങ് ഗ്രൂപ്പ്, മോണിറ്ററിങ് സമിതി എന്നിവരുടെ ഭാഗത്തുനിന്നും ജാഗ്രതക്കുറവ് കാണുന്നുണ്ട്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഫലപ്രാപ്തിയിലും ധനവിനിയോഗത്തിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ് എന്നു വിലയിരുത്തുന്നു.

# 1-22 ഐ.കെ.എം ന് വിഹിതം നൽകൽ - അധികതുക നൽകി.

| | |
|---|---|
| പ്രോജക്ട് നമ്പർ | S001/19 |
| പേര് | ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | 107590 |
| ചെലവ് | 107590 |
| ഫണ്ട് | വികസന ഫണ്ട് |
| ബിൽ നമ്പർ | 8/30.6.18 |
| ഫയൽ നമ്പർ | A2/ 3756/2018 |
| നിർവഹണം | സെക്രട്ടറി |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 8.3.2016 ലെസ.ഉ. (സാധാ) നം.1228/2016/ ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ .25% ഐ.കെ.എം ന് വിഹിതമായി നൽകേണ്ടതുണ്ട്. 2018-19ൽ പ്രോജക്ട് നമ്പർ -S001/19ആയി ഐ.കെ.എം ന് വിഹിത മായി 107590/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ACR പ്രകാരം പ്ലാൻ ഫണ്ടിനത്തിൽ ലഭ്യമായതുക 37835074/- ആണ്. ഇതിന്റെ .25% കണക്കാക്കുമ്പോൾ 94588/-ആണ്. എന്നാൽ ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 23 ന് നല്കിയ മറുപടിപ്രകാരം 2018-19 ലെ ബജറ്റ് അലോക്കേഷൻ പ്രകാരം അനുബന്ധം 2 പ്രകാരമുള്ള പ്ലാൻ വിഹിതത്തിന്റെ .25% ആയാണ് 107590/- രൂപ നൽകിയിട്ടുള്ളതെന്ന് വിശദീകരിച്ചു. ഇപ്രകാരം ലഭ്യമായ തുകയുടെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതിനു പകരം വകയിരുത്തിയ തുകയുടെ അടിസ്ഥാനത്തിൽ വിഹിതം കണക്കാക്കിയതിലൂടെ അധികത്തുക ചെലവായിട്ടുണ്ട്. പ്രോജക്ട് രൂപീകരണ സമയത്ത് ലഭ്യമായ തുക കൃത്യമായി കണക്കാക്കാൻ കഴിയുകയില്ല എന്നതിനാൽ ഒരു നിശ്ചിത ശതമാനം വകയിരുത്തി പ്രോജക്ട് നടപ്പാക്കുകയും തുടർ വർഷങ്ങളിൽ ക്രമീകരിക്കുകയും ചെയ്യുന്ന രീതി അവലംബിക്കുന്നതായിരിക്കും ഉചിതം.

# 1-23 ജി ഐ എസ് മാപ്പിങ്ങ്-വെബ് ആപ്ളിക്കേഷൻ നടപ്പിലായില്ല-തുടർ പദ്ധതികൾ ആവിഷ്കരിക്കാത്തതിനാൽ ലക്ഷ്യം നേടുന്നില്ല.

2016- 17 സാമ്പത്തിക വർഷത്തിൽ അഞ്ച് ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയായിരുന്ന ജിഐഎസ് മാപ്പിങ്ങ്. ഇതിൽ 2,60,000/- രൂപ 17- 18 ൽ സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. പരിശീലന പ്രവർത്തനങ്ങൾ, റിപ്പോർട്ട് തയ്യാറാക്കൽ, സോഫ്റ്റ്‌വെയർ ഡെവലപ്മെൻറ്, പഞ്ചായത്തിന്റെ സാമൂഹ്യ

സാമ്പത്തിക വിവരങ്ങൾ, റോഡ് കണക്ടിവിറ്റി, തെരുവുവിളക്കുകളുടെ വിവരം, ജലസ്രോതസുകൾ, കെട്ടിടങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന അസറ്റുകൾ എന്നിവ രൂപപ്പെടുത്തി ഐ.കെ.എം വികസിപ്പിച്ച ലോക്കൽ സോഫ്റ്റ്‌വെയറുകളിലും വെബ് ആപ്ലിക്കേഷനിലും ഉപയോഗിക്കാവുന്ന തരത്തിൽ തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ വിന്യസിക്കുക എന്നതാണ് കരകുളം ഗ്രാമീണ പഠന കേന്ദ്രവുമായി കരാർ തയ്യാറാക്കി നടപ്പാക്കിയ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ. എന്നാൽ പ്രസ്തുത വിവര ശേഖരണ സമന്വയം പഞ്ചായത്തിന്റെ ദൈനംദിന പ്രവൃത്തിയിലോ പദ്ധതി ആസൂത്രണ നിർവഹണ വേളയിലോ ഉപയോഗപ്പെടുത്തുന്നതിനായി ഇപ്പോഴും പഞ്ചായത്തിനു കഴിയുന്നില്ല.

1. പഞ്ചായത്തിന്റെ ഭൗമ സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ, റോഡ് കണക്ടിവിറ്റി, തെരുവ് വിളക്ക്, കുടിവെള്ളടാപ്പ് എന്നിവയുടെ വിവരങ്ങൾ കൃത്യതയോടെ ആധികാരികമായി സാക്ഷ്യപ്പെടുത്തി ആധികാരിക രജിസ്റ്ററുകളും റിപ്പോർട്ടുകളും സമയനഷ്ടം വിനാ തയ്യാറാക്കിയെടുക്കാനും പദ്ധതിനിർവഹണം ആയി ബന്ധപ്പെട്ട വിവരശേഖരണത്തിനും സെക്ഷനുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഉപയോഗിക്കാവുന്ന തരത്തിൽ ഐ.കെ.എം സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് വെബ് ആപ്ലിക്കേഷനിൽ ഉപയോഗിക്കാവുന്ന തലത്തിലേക്ക് വികസിപ്പിക്കുന്നതിനും ജി.ഐ.എസ് മാപ്പിംഗ് പദ്ധതിയിലൂടെ തയ്യാറാക്കപ്പെട്ട വിവരങ്ങൾ കാലികവും ആധികാരികമാക്കി ഉപയോഗിക്കുന്നതിനും 2018 -19 വർഷത്തിൽ തുടർ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല .

തുടർ പദ്ധതികൾ ആവിഷ്കരിച്ച് ഈ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം ഭാവിയിൽ ഗുണപ്രദമാകുന്ന രീതിയിൽ വളർത്തിയെടുക്കേണ്ടതുണ്ട് . ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-24 മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമമായ പുരോഗതി-ഭരണ സംവിധാനവും എൻജിനീയറിംഗ് വിഭാഗവും ഒരുപോലെ പ്രവർത്തിക്കണം.

(എ)അടങ്കൽ തുകയുടെ 34% മാത്രം ചെലവായിട്ടുള്ള പ്രവൃത്തികളാണ് പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. പദ്ധതികളുടെ റിവിഷൻ, റീകാസ്റ്റിംഗ്, ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ചുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സമയം തുടങ്ങിയ പ്രവൃത്തികൾ പൂർണ്ണമായും നടപ്പിലാക്കുവാൻ തടസ്സങ്ങളായതിനാൽ ആസൂത്രണ സമയത്ത് അതീവ ശ്രദ്ധ നൽകേണ്ടതുണ്ട്.

(ബി)നടപ്പിലാക്കിയ പ്രവൃത്തികളുടെ മോണിട്ടറിംഗ് റിപ്പോർട്ടുകളിലെ സാക്ഷ്യപ്പെടുത്തലുകൾ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ നടത്തിയിട്ടില്ല. ആയതിനാൽ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് സമിതിയായി മാറിയിട്ടില്ലായെന്ന് വിലയിരുത്തുന്നു.

ഉദാ: കുന്നത്തുമല കൊല്ലവുകോണം പാർശ്വഭിത്തിയും ക്രോസ് ഡ്രെയ്ൻ നിർമ്മാണവും (SO139/19).

(സി)ഗുണഭോക്തൃ സമിതി വഴി മരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഭരണസമിതി അംഗത്തെ ഗുണഭോക്തൃ സമിതി അംഗമാക്കാൻ പാടില്ലാത്തതാണ്. എന്നാൽ ഗവ. എൽ.പി.എസ്. കൊല്ലയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (SO177/19) എന്ന പദ്ധതിയിൽ വാർഡ് പ്രതിനിധി സമിതിയിൽ അംഗമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ അപാകത ചൂണ്ടികാണിക്കാത്തത് പദ്ധതികൾക്കുമേലുള്ള മേൽനോട്ടത്തിന്റെ അഭാവത്തിന് തെളിവാണ്.

# 1-25 ഗ്രീൻ പ്രോട്ടോക്കോൾ എ.ഡി.എസിന് പാത്രം വാങ്ങി നൽകൽ- അപാകതകൾ

പ്രോജക്റ്റ് നം. SO105/19

പേര് - ഗ്രീൻ പ്രോട്ടോക്കോൾ എ.ഡി.എസിന് പാത്രം വാങ്ങി നൽകൽ

അടങ്കൽ- വികസനഫണ്ട് 342000

ചെലവ്- ബിൽ നം. 20/29.3.2019-237500/-
21/29.3.19 – 63175/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പത്രപ്പരസ്യം നൽകി ടെണ്ടറിലൂടെ ഓരോ വാർഡിലും100 സ്റ്റീൽ ഊണപാത്രങ്ങളും 100 സ്റ്റീൽ ഗ്ളാസുകളും 5 സ്റ്റീൽ ജഗ്ഗുകളും വീതം വാങ്ങി എ.ഡി.എസ് പഞ്ചായത്തുമായി എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് കൈമാറുന്നതിനും ഇങ്ങനെ കൈമാറുന്ന പാത്രങ്ങൾ പൊതുചടങ്ങുകൾക്കും സ്വകാര്യ ചടങ്ങുകൾക്കും പഞ്ചായത്ത് നിശ്ചയിക്കുന്ന വാടക ഈടാക്കികൊണ്ട് എ.ഡി.എസ് വാടകയ്ക്ക് നൽകുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇങ്ങനെ ലഭിക്കുന്ന വാടക എ.ഡി.എസ് ഓരോ മാസവും പ്രത്യേക കണക്കിൽ ഉൾപ്പെടുത്തണമെന്നും വാർഷിക വരുമാനം പഞ്ചായത്ത് കമ്മിറ്റിയെ എ.ഡി.എസ് ബോധ്യപ്പെടുത്തണമെന്നും പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 19 ഗ്രൂപ്പുകൾക്ക് ഇതു പ്രകാരം പാത്രങ്ങൾ, ഗ്ലാസുകൾ, ജഗ്ഗുകൾ എന്നിവ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ടെൻഡർ പരസ്യം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2) എ ഡി എസ്സുകൾക്ക് 100 സെറ്റ് വീതം പാത്രം, ഗ്ളാസ് എന്നിവയും 5ജഗ്ഗും വേണമെന്ന ആവശ്യകതാ നിർണ്ണയം നടത്തിയതിന് രേഖകളില്ല.

3) എ ഡി എസ്സിന് വിതരണം ചെയ്ത സാധനങ്ങൾ അവരുടെ സ്റ്റോക്കിലെടുത്തിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയില്ല

4) വാടകയ്ക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ രേഖകൾ എ ഡി എസ്സുകൾ പരിപാലിക്കുന്നുവെന്നതിന് രേഖകൾ ലഭ്യമാക്കിയില്ല.

5) ടെണ്ടർ പ്രകാരം നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് ക്വാട്ട് ചെയ്തിരുന്ന സാമ്പിൾ 2ലെ പാത്രങ്ങൾ ആണ് വാങ്ങിയിരിക്കുന്നത്. അവയുടെ വില സാമ്പിൾ ഒന്നിൽ അവർ തന്നെ ക്വാട്ട് ചെയ്തിരുന്ന പാത്രങ്ങളുടെ വിലയേക്കാൾ കൂടുതലാണ്. കൂടാതെ ടെണ്ടറിൽ പങ്കെടുത്തിരുന്ന ആർട്ട്കോ, തമ്പുരാൻകാലയിൽട്രേഡ് ലിങ്ക്സ്, ITPCS എന്നീ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തിരിക്കുന്ന തുക നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്ന് പാത്രങ്ങൾ വാങ്ങിയ തുകയേക്കാൾ കുറവാണ്. മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളെ ഒഴിവാക്കി നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്ന് പാത്രങ്ങൾ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല

6) പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സിലെ എല്ലാ പേജുകളും സാക്ഷ്യപ്പെടുത്തി ക്ളോസ് ചെയ്തിട്ടില്ല. 4.6.2018ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം പാത്രങ്ങൾ വിതരണം ചെയ്യേണ്ടുന്ന രീതിയെ സംബന്ധിച്ചു മാത്രമാണ് തീരുമാനം എടുത്തിരിക്കുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 27 ന് ടെണ്ടർ പരസ്യം നൽകിയിട്ടുണ്ടെന്നും പ്രോജക്ട് തയ്യാറാക്കിയപ്പോൾ വാർഡൊന്നിന് 200 പാത്രങ്ങൾ വാങ്ങി നൽകുന്നതിന് തീരുമാനിച്ചിരുന്നുവെന്നും പ്രോജക്ട് റിവിഷൻ ചെയ്താണ് 100 സെറ്റ് വീതം ഗ്ളാസ്, പാത്രം എന്നിവ വാങ്ങുന്നതിന് തീരുമാനിച്ചതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. വാടകയ്ക്ക് നൽകുന്നതിന്റെ രേഖകൾ സി.ഡി.എസ് വിലയിരുത്തുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ചെയ്ത സ്ഥാപനങ്ങൾ ലഭ്യമാക്കിയ സ്ഥാപനങ്ങൾ കമ്മിറ്റി പരിശോധിച്ചു ഗുണനിലവാരം ഉറപ്പു വരുത്തി 17.12.2018ലെ തീരുമാനം 2(3) പ്രകാരമാണ് പാത്രങ്ങൾ വാങ്ങിയതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എപ്രകാരമാണ് ഭരണസമിതി സാമ്പിളിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയതെന്ന് മറുപടിയിൽ നിന്ന് വ്യക്തമല്ല.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ സുതാര്യത ഉറപ്പുവരുത്തേണ്ടതും നിലവിലെ സർക്കാർ മാനദണ്ഡങ്ങളും ഉത്തരവുകളും അനുസരിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പഞ്ചായത്തിലെ സ്പോർട്സ് ടീം രൂപീകരണം- തടസ്സം 1250 രൂപ

പ്രോജക്ട് നം. S003/19

പേര് - പഞ്ചായത്തിലെ സ്പോർട്സ് ടീം രൂപീകരണം

അടങ്കൽ - വികസനഫണ്ട് 70000/-

തനതു ഫണ്ട് 50000/-

ചെലവ് - ബിൽ നം. 6/8.11.18-25210/-

11/17.1.19-43800/-

തനത് ഫണ്ട് -6500/-(ചെക്ക് നം. ലഭ്യമാക്കിയില്ല)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ലബുകൾ തമ്മിൽ മത്സരങ്ങൾ നടത്തി ക്രിക്കറ്റ്, ഫുട്ബോൾ ,വോളിബോൾ എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ടീമുകൾ രൂപീകരിച്ച് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ മത്സരങ്ങൾക്ക് അയയ്ക്കുന്നതിനും ടീം രൂപീകരിച്ച ശേഷം ഒരു മാസം മൂന്നിനങ്ങളിലും പരിശീലനം നൽകുന്നതിനുമായാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.7 പ്രകാരം യൂത്ത് ക്ലബുകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് യൂത്ത് ക്ലബ് ഏകോപന സമിതി രൂപീകരിക്കേണ്ടതാണ്. അപ്രകാരം ഒരു സമിതി രൂപീകരിച്ചതിന്റെ രേഖകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയില്ല.

2. ബിൽ നം. 6 പ്രകാരം ചെലവഴിച്ച 25210/- രൂപയിൽ 1250/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 (7) പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നൽകേണ്ടതാണ്. അപ്രകാരം പരിശീലനം നൽകിയതിന്റെ രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 41 ന് ക്ലബുകളുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ടെന്നും ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാമെന്നുമാണ് അറിയിച്ചിട്ടുള്ളത്. ബ്ലോക്ക് മത്സരങ്ങൾ കഴിഞ്ഞതിനാൽ ടീം അംഗങ്ങൾ പരിശീലനത്തിന് തയ്യാറായില്ലായെന്നും അതിനാലാണ് പരിശീലനപരിപാടി നടത്താൻ കഴിയാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ചെലവുരേഖകളുടെ അഭാവത്തിൽ 1250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തദ്ദേശഭരണസഥാപനത്തിലെ എല്ലാ യൂത്ത് ക്ലബുകളേയും പൂർണ്ണമായും തദ്ദേശഭരണസ്ഥാപനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും കായികവികസനത്തിനും അനുയോജ്യമായ തരത്തിൽ നിർവ്വഹണം നടത്തുന്നതിലൂടെ മാത്രമേ പദ്ധതി പൂർണ്ണലക്ഷ്യം കൈവരിക്കുകയുള്ളൂവെന്നിരിക്കെ യൂത്ത്ക്ലബ് ഏകോപനസമിതി രൂപീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാലും ടീം അംഗങ്ങൾ പരിശീലനത്തിന് തയ്യാറായില്ലായെന്ന മറുപടി ലഭ്യമാക്കിയിരിക്കുന്നതിനാലും പദ്ധതി ലക്ഷ്യം കൈവരിച്ചില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ലക്ഷ്യം കൈവരിക്കുന്നുവെന്നുറപ്പു വരുത്തുന്നതിനുള്ള നടപടികൾ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

# 1-27 എസ്.സി വിഭാഗക്കാർക്ക് സൂര്യ റാന്തൽ നൽകൽ-അപാകതകൾ

പ്രോജക്ട് നം. S0118/19

പേര് - എസ്.സി വിഭാഗക്കാർക്ക് സൂര്യ റാന്തൽ നൽകൽ

അടങ്കൽ- വികസനഫണ്ട് 149750/-

തനത് ഫണ്ട് 17200/-

ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്) 18550/-

ചെലവ്- ബിൽ നം. 14/19.1.2019- 94500/-

19/23.3.19-55250/-

ചെക്ക് നം. 643434/29.3.19 -17200/-(തനതുഫണ്ട്

ചെക്ക് നം. 643448- ,17150/-(ഗുണഭോക്തൃവിഹിതം)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

അനെർട്ട് അംഗീകൃതസ്ഥാപനങ്ങളിൽ നിന്നും ടെണ്ടറിലൂടെ സാധനങ്ങൾ വാങ്ങി ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കുന്ന 53 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. 90% സബ്സിഡിയും 10% തുക ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിൽ അടവാക്കുന്ന വിധവുമാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

എ) സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 ഖണ്ഡിക 5 പ്രകാരം വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ എസ്.സി/എസ്.റ്റി വിഭാഗത്തിലെ വീടുകൾക്ക് ഒഴികെ സൗരറാന്തൽ നൽകുന്നതിന് സബ്സിഡി നിയന്ത്രണമുണ്ട്. 53 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ മിക്ക ഗുണഭോക്താക്കളും വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ ഉള്ളവരല്ലായെന്ന് ഓഡിറ്റ് എൻക്വയറി നം.19 ന് ലഭ്യമാക്കിയ മറുപടിയിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത മറുപടി പ്രകാരം തീർഥങ്കര വാർഡ് 1, ചെറുവേലി വാർഡ് 7,വഞ്ചുവം വാർഡ് 8, മന്നൂർക്കോണം വാർഡ് 10. താഴ്ന്നമല എന്നീ പ്രദേശങ്ങളിലാണ് വൈദ്യുതി എത്തിയിട്ടില്ലാത്തത് . ഉദാഹരണമായിതാഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്രസ്തുത പ്രദേശങ്ങളിലുള്ളവരല്ല.

1. വനജ, ഇലഞ്ഞിമൂട്, ആനാട്

2. റാണി. സി.വി, മണലുവിള, ചുള്ളിമാനൂർ

3. സതികുമാർ. എസ്, കിഴക്കുംകരവീട്, വേട്ടമ്പള്ളി

4. ബി. അമ്പിളി, തടത്തരികത്തുവീട്, ഉണ്ടപ്പാറ. പി.ഒ

5. മദനേശ്വരി. എസ്, വേട്ടപ്പള്ളി

ബി) ആനുകൂല്യം നൽകിയിരിക്കുന്ന രജിത, പാണയം, കുന്നിൽ വീട്, ചുള്ളിമാനൂർ പി.ഒ എന്ന ഗുണഭോക്താവ് എസ്.സി വിഭാഗത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

സി)അമ്മിണി ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്ന് ഒരു സൗരറാന്തലിന് 3500/- രൂപ നിരക്കിലാണ് 53 സൗരറാന്തലുകൾ വാങ്ങിയിരിക്കുന്നത്. ഒരു ഗുണഭോക്താവ് 350/- രൂപ നിരക്കിൽ 53 സൗരറാന്തലിന് ആകെ ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവു വരേണ്ടത് 18550/- രൂപയാണ്. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം 53 സൗരറാന്തലുകൾക്ക് ഈയിനത്തിലെ ചെലവ് 17150/- രൂപയാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26 ന് ശ്രീമതി. രജിത എന്ന ഗുണഭോക്താവ് എസ്.സി വിഭാഗത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കുന്നുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഗുണഭോക്തൃവിഹിതം കൈമാറുന്ന വേളയിൽ നടത്തിയ പരിശോധനയിലാണ് 4 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടില്ലായെന്ന് മനസ്സിലായതെന്നും ഏപ്രിൽ 2019ൽ ഗുണഭോക്താക്കൾ അടവാക്കിയിട്ടുണ്ടെന്നും അതിനുശേഷമാണ് അമ്മിണി ഏജൻസീസിന് തുക പൂർണ്ണമായും കൈമാറിയതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാതെയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-28 വൃദ്ധർക്ക് കട്ടിൽ നൽകൽ -നടത്തിപ്പിലെ അപാകതകൾ

A) പ്രോജക്ട് - S0116/19, വൃദ്ധർക്ക് കട്ടിൽ നൽകൽ

അടങ്കൽ - 413250 (വികസന ഫണ്ട്)

ചെലവ് - 407400

ബിൽ നം - 21/31.12.18

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഐ സി ഡി എസ് സൂപ്പർവൈസർ

B) പ്രോജക്ട് - S017/19, എസ്.സിവൃദ്ധർക്ക് കട്ടിൽ നൽകൽ

അടങ്കൽ - 82650(വികസന ഫണ്ട് ടി.എസ്.പി)

ചെലവ് - 82200

ബിൽ നം - 9/21/12/18

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്ത് ടെണ്ടർ ക്ഷണിച്ച് കട്ടിൽ വാങ്ങി വിതരണം ചെയ്യുന്ന16/19-ാം നമ്പർ പ്രകാരമുള്ള പദ്ധതിയുടെ ഫയലുകളും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) കട്ടിൽ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 11 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. ഏറ്റവും ചെറിയ തുക ക്വാട്ട് ചെയ്ത മുടിക്കുന്നിൽ ഏജൻസീസ്, അത്താണി, എറണാകുളം ( മഹാഗണി മരത്തിലുള്ളതിന് 3075/- രൂപ), രണ്ടാമത് കുറഞ്ഞ തുക ക്വാട്ട് ചെയ്ത എം. എച്ച് ഏജൻസീസ്, അരുണപുരം, പാല (മഹാഗണി മരത്തിലുള്ളതിന് 3110/-രൂപ) എന്നീ സ്ഥാപനങ്ങളുടെ ടെണ്ടർ അംഗീകരിക്കാതെ, മൂന്നാം സ്ഥാനത്ത് വന്ന TRITECH TRADERS, വഴുതക്കാട്, തിരുവനന്തപുരം (മഹാഗണി മരത്തിലുള്ളതിന് 3425/-രൂപ) എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.

ബി) 95 കട്ടിൽ വാങ്ങുന്നതിനാണ് പ്രോജക്ട് വെച്ചിട്ടുള്ളത്. എന്നാൽ 120 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.

സി)വാങ്ങിയ കട്ടിലുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

ഡി) പ്രോജക്ട് നം. S0116/19 ടെ ഗുണഭോക്താക്കളുടെ അപേക്ഷാ ഫോറങ്ങൾ, കൈപ്പറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, കട്ടിൽ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷ ലഭ്യമല്ല.

1. മാധവൻ എസ് , വാർഡ്,2

2. ഭാരതി അമ്മ, വാർഡ്,4

3. വിദ്യാശ്രീ, വാർഡ് 6

4. ചെല്ലപ്പൻ പിള്ള ,വാർഡ് 6

5. രാമചന്ദ്രൻ പിള്ള, വാർഡ് 6

6. സരോജിനിയമ്മ,വാർഡ് 6

7.സരസ്വതി ,വാർഡ് 6

8. കൃഷ്ണപിള്ള,വാർഡ് 6

9. ശാന്ത ജെ, വാർഡ് 11

10. ഗ്രേസി, വാർഡ് 14

11. ഗോപിനാഥൻ നായർ, വാർഡ് 16

12. ഭാരതി, മീൻമുട്ടി, തടത്തരികത്ത് വീട്, വാർഡ് 19

13.പത്മാക്ഷി എസ് പി ഭവൻ, ഇരിഞ്ചയം, വാർഡ് 19

14. വിജയകുമാരി വിജയഭവൻ, കൈരളി നഗർ, വാർഡ് 19

ഇ) 111 പേർ ആണ് കട്ടിൽ കൈപ്പറ്റിയിരിക്കുന്നത്.

19 പേർക്ക് 4350/- രൂപ വിലയുള്ള കട്ടിൽ ക്വട്ടേഷനിലൂടെ വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന 17/19-ാം നമ്പർ പ്രകാരമുള്ള പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ)ടെണ്ടർ പ്രകാരം ടൈടെക്ക് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് 24 കട്ടിൽ 3425/- രൂപ വാങ്ങിയിട്ടുണ്ട്. എന്നാൽ ടെണ്ടർ സമർപ്പിച്ചിട്ടുള്ള എം.എച്ച് ഏജൻസീസ് (3110/-) മുണ്ടിക്കുന്നേൽ ഏജൻസീസ് (3075) എന്നിവ അതിനേക്കാൾ കുറഞ്ഞ നിരക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കി ടൈടെക്ക് ട്രേഡേഴ്സിൽ നിന്ന് കട്ടിൽ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല.

ബി) ടെൻഡർ പരസ്യം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 28 ന് ടെണ്ടർ പരസ്യം ഹാജരാക്കുന്നതാണെന്നും സ്ഥാപനങ്ങൾ ഹാജരാക്കിയ മോഡൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കി 30.10.2018ലെ 1(5) നം തീരുമാനപ്രകാരം ആണ് വാങ്ങിയിട്ടുള്ളത് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് എല്ലാ പേജുകളും സാക്ഷ്യപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല. 4.6.2018ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം കട്ടിൽ വാങ്ങൽ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് സംബന്ധിച്ച തീരുമാനങ്ങളെടുത്തിട്ടില്ല. മേൽ സാഹചര്യത്തിൽ എപ്രകാരമാണ് കട്ടിലിന്റെ ഗുണനിലവാരം പരിശോധിച്ചതെന്ന് വ്യക്തമല്ല.

ജി.ഒ(പി) നം. 269/2010/ത.സ്വ.ഭ.വ തീയതി 8.11.2010 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്. സ.ഉ(പി) നം. 03/2013/എസ്.പി.ഡി തീയതി 21.06.2013 ഖണ്ഡിക 2.3 പ്രകാരം യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് ഉന്നതാധികാരികളിൽ നിന്നും ലഭ്യമാക്കേണ്ട വാങ്ങൽ അനുമതി ഒഴിവാക്കുന്നതിനായി വാങ്ങലിനുള്ള ആവശ്യകത ചെറിയ ഘടകങ്ങളായി വിഭജിക്കാൻ പാടില്ല. വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പ്രോജക്ടുകൾ പ്രകാരം ആകെ അടങ്കൽ തുക യിനത്തിൽ 490050/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവ് പാലിച്ചിട്ടില്ല. രണ്ടു പദ്ധതികളിലും വെവ്വേറെ ഓപ്പൺ ടെണ്ടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.

പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കുമ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവുകളും ചട്ടങ്ങളും കണക്കിലെടുത്തുകൊണ്ട് മാത്രം നടപ്പിലാക്കേണ്ടതും പദ്ധതി നടത്തിപ്പിന്റെ സുതാര്യതയും വിശ്വാസ്യതയും ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-29 സ്നേഹസ്പർശം(മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ) ഹാജരാക്കിയ ചെലവു രേഖകൾക്ക് ആധികാരികതയില്ല.

പ്രോജക്ട് - S007/19 സ്നേഹസ്പർശം(മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് )

അടങ്കൽ - 1340000/- (570000/--വികസന ഫണ്ട്, 200000/--തനത് ഫണ്ട്, 285000/-

ബ്ലോക്ക് വിഹിതം, 285000/- ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് - 1250000/- (570000/--വികസന ഫണ്ട്, 110000/--തനത് ഫണ്ട്, 285000/-

ബ്ലോക്ക് വിഹിതം, 285000/- ജില്ലാ പഞ്ചായത്ത് വിഹിതം)

ബിൽ നം. - 1. 3/18-19 -119250/-

2.16/18-19 -280500/-

3.23/18-19 -96250/-

4.22/18-19 -74000/-

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ സി ഡി എസ് സൂപ്പർവൈസർ

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകളുണ്ട്.

എ)ട്രഷറി ബിൽ ബുക്ക് പ്രകാരം മേൽപ്പറയുന്ന ബിൽ നമ്പറുകളിലായി 570000/- രൂപ(പ്ലാൻ ഫണ്ട്) ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

എന്നാൽ ബാക്കിയുള്ള 680000/-രൂപ (ബ്ലോക്ക്, ജില്ലാ വിഹിതങ്ങൾ,തനത് ഫണ്ട് എന്നിവ) പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെക്കായി ലഭിച്ച തുക ICDS സൂപ്പർവൈസറുടെ പേരിൽ ആനാട് ഫാർമേഴ്സ് സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്കിൽ 002002000146 എന്ന അക്കൗണ്ടിൽ ശേഖരിച്ച് ലൂസ് ലീഫ് വഴി വിതരണം ചെയ്യുകയായിരുന്നു .സർക്കാർ ഉത്തരവ് നമ്പർ 22/2018 ത.സ്വ.ഭ.വ തീയതി 14/2/18 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായതുക നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അതതു മാസം തന്നെ നൽകണം എന്ന് നിഷ്കർഷിച്ചിരിക്കെ മറ്റൊരു അക്കൗണ്ടിൽ സൂക്ഷിച്ച് പണമായി വിതരണം ചെയ്തതിന്റെ കാരണം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48)മറുപടി ലഭ്യമാക്കിയില്ല. ആനാട് ഫാർമേഴ്സ് സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ ശേഖരിച്ച് ലൂസ് ലീഫ് വഴി വിതരണം ചെയ്ത തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ലൂസ് ലീഫ് എന്ന് ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ ഗുണഭോക്താവിന്റെ പേരോ അക്കൗണ്ട് നമ്പറോ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്നതിന്റെ സാധൂകരിക്കാവുന്ന രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

ബി)ഫയൽ രേഖകളോടൊപ്പം സമർപ്പിച്ച ബിൽ പ്രകാരം 110000/- (തനത്ഫണ്ട്) 22750/- എന്നീ തുക ഗുണഭോക്താവല്ലാത്ത അങ്കണവാടി വർക്കറായ ശ്രീമതി മീനാകുമാരി. എൽ എന്ന വ്യക്തിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതായിട്ടാണ് കാണുന്നത്.എന്നാൽ പ്രസ്തുത തുക ശ്രീമതി. മീനാകുമാരിയുടെ അക്കൗണ്ടിൽ അല്ല

ക്രെഡിറ്റ് ആയിട്ടുള്ളത് , പകരം ഐ സി ഡി എസ് സൂപ്പർവൈസറുടെ പേരിൽ ആനാട് ഫാർമേഴ്സ് സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലാണ് എന്ന് പാസ്ബുക്കുകളുടെ പരിശോധനയിൽ വ്യക്തമായി. ഇത്തരത്തിൽ തെറ്റിദ്ധാരണാജനകമായി ഫയൽ രേഖകൾ ബില്ലുകൾ എന്നിവ സൃഷ്ടിച്ച് ഹാജരാക്കിയത് വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (48)ന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാവകാശം ആവശ്യമാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സി)178750/-രൂപ(പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ടത്) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തതും അങ്കണവാടി വർക്കർമാരും ആയ താഴെ പറയുന്നവരുടെ അക്കൗണ്ട് നമ്പറിലേക്കാണ് നൽകിയിട്ടുള്ളത്. ആയതിന്റെ ചെലവ് സംബന്ധിച്ച വിവരങ്ങൾ , ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ, ഹാജരാക്കുന്നതിന് നിർദ്ദേശിച്ചെങ്കിലും ഹാജരാക്കിയില്ല.

(1)

| ബിൽ നമ്പർ/തുക | തുക നൽകിയ ആളിന്റെ പേര് | തുക |
|---|---|---|
| 1. 16/18-19<br>280500/-<br>2. 23/18-19<br>96250 | ലൂദിയാൾ | 13750X2=27500 |
| | ലതിക എം | 13750X2=27500 |
| | ശാന്ത .ടി | 13750X2=27500 |
| | കുമാരി സിസ്റ്റ.ഡി | 13750X2=27500 |
| | സുജ. എൻ. പി | 13750X2=27500 |
| | തങ്കമണി.ഡി | 13750X2=27500 |
| | ആകെ | 165000 |

(2)

| ബിൽ നമ്പർ/തുക | തുക നൽകിയ ആളിന്റെ പേര് | തുക |
|---|---|---|
| 22/18-19<br>74000 | മീനാകുമാരി.L | 13750 |

പ്രസ്തുത തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്നതിന്റെ സാധൂകരിക്കാവുന്ന രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് അല്ലാത്തപക്ഷം പ്രസ്തുത തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

താഴെ പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പറുകൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത അക്കൗണ്ടുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പേര് | നൽകിയ തുക |
|---|---|---|
| 1. | ശരത്ത് | 34125 |
| 2. | ആകാശ് | 34125 |
| 3. | ശ്രീലക്ഷ്മി | 34125 |
| 4. | വിഷ്ണു | 34125 |
| | | [illegible] |

| | | |
|---|---|---|
| 5. | നന്ദു | 18625 |
| 6. | വിപിൻ ബാബു | 34125 |
| 7. | രാഹുൽ | 34125 |
| 8. | ആദിത്യൻ | 34125 |
| 9. | മുഹീദ.എൻ | 27500 |

കുട്ടികളുടെ അക്കൗണ്ട് നമ്പറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ അവർക്ക് നൽകിയ തുകയുടെ ആധികാരികതയും ഉറപ്പാക്കാൻ കഴിയുന്നില്ല.

താഴെ പറയുന്നവർ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| | | |
|---|---|---|
| 1. | ഐശ്വര്യ | 13750 |
| 2. | അജി.എസ് ശ്രീധരൻ | 6000 |
| 3. | അശ്വിൻ | 13750 |
| 4. | വിനായക് | 13750 |
| 5. | അഭിരാജ് | 13750 |
| 6. | അനുരാജ് | 6000 |
| 7. | ആർദ്ര | 6000 |
| 8. | അഭിഷേക് | 6000 |
| 9. | ഗൗരീശങ്കർ | 6500 |
| 10. | വിസ്മയ | 13750 |
| 11. | സുമയ്യ | 6000 |
| 12. | ബീന | 13750 |
| 13. | ജ്യോതിഷ് കുമാർ | 13750 |

ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവരെ ഉൾപ്പെടുത്തിയതിന്റെ കാരണങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും അവ ലഭ്യമാക്കിയില്ല.

സ്പെഷ്യൽ ഗ്രാമസഭ അംഗീകാരലിസ്റ്റ് , ഭരണസമിതി അംഗീകരിച്ച തീരുമാനം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. മേൽ കാരണങ്ങളാൽ അവർക്ക് നൽകിയ തുകയുടെ ആധികാരികതയും ഉറപ്പാക്കാൻ കഴിയുന്നില്ല.

പ്രസ്തുത തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്നതിന്റെ സാധൂകരിക്കാവുന്ന രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് അല്ലാത്തപക്ഷം പ്രസ്തുത തുക നിർവഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി മാറുന്നതാണ്.

ഓഡിറ്റ് എൻക്വയറി (48)ന് പ്രസ്തുത പരാമർശങ്ങൾക്ക് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാവകാശം ആവശ്യമാണ് എന്ന് മറുപടി നൽകിയിട്ടുള്ളതിനാൽ ഒരുമാസത്തിനകം വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് എന്നും അല്ലാത്തപക്ഷം പ്രസ്തുത തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

# 1-30 അനുപൂരക പോഷകപരിപാടി-101292/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

പദ്ധതി നം -05/2018-19

അടങ്കൽ-വികസനഫണ്ട് -2500000/-

കേന്ദ്രഫണ്ട് -1000000/-

ചെലവ്-വികസനഫണ്ട് -2232184/-

കേന്ദ്രഫണ്ട് -1000000/-

നിർവഹണം -ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകപരിപാടി എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I.ബിൽ നം 01/18-19തീയതി 01/06/18 തുക 1004190/-

മേൽ ചെലവ് രേഖ പ്രകാരമുള്ള അപാകതകൾ

a,സ്റ്റോക്ക് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല.

ആനാട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഭക്ഷണസാധനങ്ങൾ വാങ്ങിയിരിക്കുന്നത് ഇവ സ്റ്റോക്കിൽ ചേർത്തിരിക്കുന്ന അളവും ആയവ വാങ്ങിയ യഥാർത്ഥ ബിൽ പ്രകാരമുള്ള അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ക്യാഷ് ബിൽ പ്രകാരമുള്ള അളവ്-കിലോ ഗ്രാം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള അളവ് കിലോ ഗ്രാം | ഇൻവോയ്സ് നം |
|---|---|---|---|
| എണ്ണ | 428 | 392 | നം21 തീയതി 05/05/2018 |
| അവൽ | 1025 | 985 | |
| ശർക്കര | 359 | 413 | |
| കപ്പലണ്ടി | 254 | 259 | |

b,വാങ്ങിയ ഭക്ഷണസാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.

ആനാട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും invoice no 14 dtd 21/12/17 പ്രകാരം വാങ്ങിയ 652219/- രൂപയുടെ ഭക്ഷണസാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.

II.ബിൽ നം 02/18-19 തീയതി 01/06/18 തുക 166840/-

ഈ ബിൽ പ്രകാരം വാങ്ങിയ 2340kg ന്യൂട്രിമിക്സിന്റെ വിവരങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.

III,ബിൽ നം 13/18-19 തീയതി 28/10/18 തുക 856827/-

ഈ ബിൽ പ്രകാരമുള്ള ചെലവ് തുകയിൽ 259906/-രൂപ ന്യൂട്രിമിക്സ് വാങ്ങുന്നതിനായി ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റിലേക്കും 596921/-രൂപ ആനാട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലേക്ക്

ഭക്ഷണസാധനങ്ങൾ സപ്ലൈ ചെയ്ത ഇനത്തിനായും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈസ്ഥാപനങ്ങളിൽ നിന്നുമുള്ള കൈപ്പറ്റ് രസീതുകൾ ലഭ്യമാക്കിയിട്ടില്ല.

IV,<u>ബിൽ നം 04/18-19 തീയതി 03/07/18 തുക 204327/-</u>

ശ്രീമതി സുജ എം.പി.എന്ന വ്യക്തിക്ക് വിറക്,പച്ചക്കറി എന്നിവ വാങ്ങിയ ഇനത്തിൽ 19227/-രൂപ അനുവദിച്ചിരിക്കുന്നു. എന്നാൽ ഇവ വാങ്ങിയ ക്യാഷ് ബിൽ /വൗച്ചർ /ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ തുക **19227/-രൂപ** ഓഡിറ്റ് തടസ്സം ചെയ്യുന്നു.

ഈ ചെലവ് തുകയിൽ 185100/-രൂപ ന്യൂട്രിമിക്സ് വാങ്ങുന്നതിനായി ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റിലേക്ക് കൈമാറിയതിന് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

V.ചെക്ക് <u>നം 6950115153 തീയതി 29/01/19 തുക 137292/-</u>

ഈ ബിൽ പ്രകാരമുള്ള ചെലവ് തുകയിൽ ഐശ്വര്യ ന്യൂട്രിമിക്സിൽ നിന്നും 93066/- രൂപയുടെ ഒരു ക്യാഷ് ബിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത വിവരങ്ങൾ കൈപ്പറ്റ് രസീത് എന്നിവ ലഭ്യമല്ല.

ഈ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ 44226/-രൂപയുടെ ചെലവ് സംബന്ധിക്കുന്ന വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.ആയതിനാൽ **44226/- രൂപയുടെ** ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു.

VI.<u>ചെക്ക് നം 17968 തീയതി 03/08/18 തുക 11523/-</u>

മുഴുവൻ തുകയും ശ്രീമതി സുജ.എം.പി.എന്ന വ്യക്തിക്ക്കൈമാറിയിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിക്കുന്ന ആവശ്യം വ്യക്തമല്ല.ഇവ സാധൂകരിക്കുന്ന ക്യാഷ് ബിൽ/ വൗച്ചർ /ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ തുക **<u>11523</u>/-രൂപ** ഓഡിറ്റ് തടസ്സം ചെയ്യുന്നു.

<u>VII.ചെക്ക് നം 695015153 തീയതി 29/03/19 തുക 724480/-</u>

ഈ ബിൽ പ്രകാരം 527449/-രൂപ ആനാട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലേക്ക് ഭക്ഷണസാധനങ്ങൾ സപ്ലൈ ചെയ്ത ഇനത്തിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഇവ വാങ്ങിയ ക്യാഷ് ബിൽ /വൗച്ചർ /ചെലവ് രേഖകൾ /സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

<u>VIII.ചെക്ക് നം 14891 തീയതി 25/05/18 തുക7323/-</u>

ഈ ചെലവ് തുകയിൽ 3723/രൂപ ശ്രീമതി രശ്മി, ശ്രീമതി ലതിക, ശ്രീമതി.അജിതകുമാരി എന്നിവർക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ 3600/-രൂപ ശ്രീമതി മീനാകുമാരി എന്ന വ്യക്തിക്ക് അരി കയറ്റിറക്കു കൂലിയിനത്തിലും നൽകിയിട്ടുണ്ട്. എന്നാൽ തുക വ്യതികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത വിവരങ്ങൾ,കൈപ്പറ്റ് രസീതുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

<u>IX.ചെക്ക് നം 13746 തീയതി 27/10/18 തുക119382/-</u>

ഈ ബിൽ പ്രകാരമുള്ള തുകയിൽ ഐശ്വര്യ ന്യൂട്രിമിക്സിന് 93066/-രൂപ നൽകിയതായി ചെലവ് വൗച്ചർ ലഭ്യമാക്കിയിട്ടുണ്ട്. ഈ തുക അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല.

ഈ ബിൽ പ്രകാരമുള്ള 26316/-രൂപയുടെ ചെലവ് സംബന്ധിക്കുന്ന ചെലവ് വിവരങ്ങൾ ലഭ്യമല്ല.ആയതിനാൽ ഈ തുക **26316/-രൂപ** ഓഡിറ്റ് തടസ്സം ചെയ്യുന്നു.

<u>മറ്റ് അപാകതകൾ</u>

a.ഈ പദ്ധതി പ്രകാരം ആകെ 39725/-രൂപ ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഡ്രൈവർമാരിൽനിന്നും മത്സരാടിസ്ഥാനത്തിലും നിയമാനുസൃതവുമായ ക്വട്ടേഷൻ ക്ഷണിച്ചതായി വിവരങ്ങൾ

ഒന്നുംതന്നെ ഫയലിൽ വ്യക്തമല്ല.സാധനങ്ങൾ ഇറക്കിയിരിക്കുന്ന ബില്ലിനൊപ്പം തന്നെ ട്രാൻസ്പോർട്ടേഷൻ കൂലിയും നൽകിയതായി കാണുന്നു. എന്നാൽ ട്രാൻസ്പോർട്ടേഷന്റെ നിരക്ക് സംബന്ധിക്കുന്ന വിവരങ്ങളും ലഭ്യമല്ല.

b.സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18/02/10 ലെ ICDS/b3/312/2010 ഉത്തരവ് പ്രകാരം അങ്കണവാടി ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ്ടെസ്റ്റ് ലാബിൽ പരിശോധിക്കണമെന്നും ഗുണനിലവാരമില്ലാത്തവയ്ക്ക് വില നല്കേണ്ടതില്ലായെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ടെസ്റ്റ് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 53/ തീയതി.20.12.2019 ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ, ചെലവ് വൗച്ചർ, കൈപ്പറ്റ് രസീതുകൾ, ഇവ ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ രേഖകൾ ഹാജരാകാത്ത ചെലവുകളുടെ തുക **101292/-രൂപ** ഓഡിറ്റ് തടസ്സം ചെയ്യുന്നു. ഖണ്ഡികയിലെ മുഴുവൻ പരാമർശങ്ങൾക്കും ഒരു മാസത്തിനകം തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത ചെലവ് തുകകൾ നിർവഹണോദ്യോഗസ്ഥയുടെ ബാധ്യയായി നിർണയിച്ച് ഈടാക്കാൻ വേണ്ട നടപടികൾക്ക് ശുപാർശ ചെയ്യുന്നതുമായിരിക്കും.

# 1-31 ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകൽ മാർഗ്ഗരേഖ പാലിച്ചിട്ടില്ല.

പ്രോജക്ട് - S0124/19 ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക്

സ്കോളർഷിപ്പ് നൽകൽ

അടങ്കൽ - 200000 (വികസന ഫണ്ട് ജനറൽ)

ചെലവ് - 177250

ബിൽ നം. - 18/18-19, 05.11.18, 88625/-

24/18-19, 20.03.19, 88625/-

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ സി ഡി എസ് സൂപ്പർവൈസർ

a. ഗ്രീഷ്മ എസ്, പറവിളാകത്ത് വീട്, മന്നൂർക്കോണം എന്ന വിദ്യാർത്ഥിയുടെ വൈകല്യം തെളിയിക്കുന്ന രേഖകളൊന്നുമില്ല.

b. താഴെ പറയുന്ന വിദ്യാർഥികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1. അനശ്വര ബി ആർ, അനശ്വര ഭവൻ, ചുള്ളിമാനൂർ,

2. ഗ്രീഷ്മ എസ്, പറവിളാകത്ത് വീട്, മന്നൂർക്കോണം

3. ഗംഗ എസ്, മാമ്മൂട്ടിൽ വീട്, ഇരിഞ്ചയം

4.വൃന്ദ എസ്, മാമ്മൂട്ടിൽ വീട്, ഇരിഞ്ചയം

5. സഈദുള്ള വൈ എസ്, ദാറുസഈദ്, ചുള്ളിമാനൂർ

ഗ്രാമസഭയിൽ പെടാത്തതും അർഹരുമായ കുട്ടികളെ ഭിന്നശേഷിക്കാർക്കുള്ള പ്രത്യക ഗ്രാമ സഭയിൽ വച്ച് അംഗീകാരം നേടിയിട്ടുണ്ടെന്നാണ് വിശദീകരണം. (ഓഡിറ്റ് എൻക്വയറി (നം.38)ന്റെ മറുപടി). എന്നാൽ ഇത്

ഭരണസമിതി അംഗീകരിച്ചിട്ടില്ല.

തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതിയാൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി മാറ്റം വരുത്താവുന്നതാണ്. എന്നാൽ അർഹരെ കൂട്ടിച്ചേർക്കുന്നതിന് ഗ്രാമസഭയുടെ അംഗീകാരം നേടിയെടുക്കേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

c. പദ്ധതികളുടെ മോണിറ്ററിംഗ് നടന്നിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ 3.1.2 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതികൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്.

# 1-32 ബഡ്സ് സ്കൂൾ പ്രവർത്തനം - ചെലവുരേഖകൾ ഹാജരാക്കിയില്ല.101125/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് - S012/19 ബഡ്സ് സ്കൂൾ പ്രവർത്തനം

അടങ്കൽ - 700000/- (400000/--വികസന ഫണ്ട്, 300000/--തനത് ഫണ്ട്)

ചെലവ് - 627286/- ( 400000/--വികസന ഫണ്ട്, 227286/- -തനത് ഫണ്ട്)

ബിൽ നം. - 05/03.07.18, 98635/-

06/18.07.18, 80330/-

09/24.08.18, 44905/-

14/29.10.18, 152257/-

26/20.03.19, 23873/-

ചെക്ക് നം. 695015153/23.03.19

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ സി ഡി എസ് സൂപ്പർവൈസർ

2018-19 സാമ്പത്തിക വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി ബഡ്സ് സ്കൂളിലെ വിദ്യാർഥികൾക്ക് ഭക്ഷണം, പ്രവർത്തകർക്ക് ഹോണറേറിയം, വാഹന സൗകര്യം എന്നിവയ്ക്കുവേണ്ടി 627286/-രൂപ ചെലവഴിച്ചിട്ടുണ്ട്.

1. താഴെ പറയുന്ന ബില്ലുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

ബിൽ നം, തുക - 05/03.07.18, 98635

09/24.08.18, 2490/-

ആകെ -**101125**/-

2. സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും ആധികാരികത പരിശോധിക്കുന്നതിനായി സ്റ്റോക്ക്-വിതരണ രജിസ്റ്ററുകളോ മറ്റു രേഖകളോ ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(39) ആയവ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത **101125/-** രൂപ തടസ്സപ്പെടുത്തുന്നു.

# 1-33 പകൽവീട് പ്രവർത്തനം - ചെലവുരേഖകൾ

## ഹാജരാക്കിയില്ല-30475/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് - S011/19 പകൽവീട് പ്രവർത്തനം

അടങ്കൽ - 385000/- (100000-വികസന ഫണ്ട് ജനറൽ

285000/-പ്രത്യേക ഗ്രാന്റ് )

ചെലവ് - 61773/-

ബിൽ നം. - 08/18-19, 02.08.18, 30745/-

10/18-19, 24.08.18, 19728/-

15/18-19, 05.11.18, 11300/-

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ സി ഡി എസ് സൂപ്പർവൈസർ

2018-19 സാമ്പത്തിക വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പകൽവീട് പ്രവർത്തനം - ഭക്ഷണ ചെലവുകൾക്കും ഹെൽപ്പറുടെ ഹോണറേറിയം നൽകുന്നതിനും- എന്ന പദ്ധതിക്കായി 61773/- ചെലവഴിച്ചതിൽ ബിൽ നം. 08/18-19, 02.08.18 പ്രകാരമുള്ള 30745/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(40) ആയവ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത 30475/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 അംഗണവാടി ജീവനക്കാർക്ക് അധികവേതനം നൽകൽ- 632844/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് - S0172/19, അംഗണവാടി ജീവനക്കാർക്ക് അധികവേതനം നൽകൽ

അടങ്കൽ - 660000 (560000 വികസന ഫണ്ട്,100000 തനത് ഫണ്ട് )

ചെലവ് - 632844 ( 532844+100000)

ബിൽ നം - 12/22.10.18, 511656 ചെക്ക് നം.13744/24.10.18, 100000

17/05.11.18, 1390

20/31.12.18, 19798

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർവൈസർ

ഏപ്രിൽ 2017 മുതൽ ഫെബ്രുവരി 2018 വരെയുള്ള അംഗൻവാടി ജീവനക്കാർക്ക് അധിക വേതനം നൽകുന്നതിനായി മേൽ പ്രോജക്ട് പ്രകാരം 632844 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ വർക്കർക്കും ഹെൽപ്പർക്കും ഒരു മാസം 1000 രൂപ വീതം 11 മാസത്തെ വേതനമാണിത്. പദ്ധതിയുടെ ലഭ്യമാക്കിയ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അധിക വേതനം നൽകിയ ജീവനക്കാരുടെ എണ്ണം, വിതരണം ചെയ്ത തുകയുടെ വിശദാംശം, ഓരോരുത്തർക്കും അനുവദനീയമായ തുകയുടെ വിശദാംശം എന്നിവ ലഭ്യമാക്കിയില്ല.

2. ബിൽ നം. 12 പ്രകാരം 511656/- രൂപ 28 വർക്കർമാരുടെയും, ബിൽ നം. 17 പ്രകാരം ഒരു വർക്കറുടേയും, തനത്ഫണ്ടിൽ നിന്നും ചെലവായ തുക 5 വർക്കർമാരുടെയും അക്കൗണ്ടിലേക്ക് നൽകി. ഹെൽപ്പർമാർക്ക് നൽകേണ്ട തുക ഉൾപ്പെടെയാണ്. വർക്കർമാർക്ക് അവരുടെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടില്ല.

3. ഹെൽപ്പർമാർക്ക് നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

4. മുഴവൻ അംഗനവാടി ജീവനക്കാരുടെയും ഹാജർ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദാംശങ്ങൾ ഹാജരാക്കുന്നതാണെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ഹാജരാക്കാത്ത 632844/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-35 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 250000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി- -22/2018-19

അടങ്കൽ -250000/- (വികസന ഫണ്ട് )

ചെലവ് -250000/-

ബിൽ നമ്പർ,തീയ്യതി - 16/ 2018-19/08.11.18- 250000/-

മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 40 ഗുണഭോക്താക്കൾക്കായി 250000/- രൂപ മൃഗ സംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുക വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/16.12.19) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ 250000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-36 ABC പദ്ധതി-നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - - വെറ്റിനറി സർജൻ

പദ്ധതി- -23/2018-19

അടങ്കൽ -105000 /-(വികസന ഫണ്ട് )

ചെലവ് -105000/-

ബിൽ നമ്പർ,തിയതി -03/ 2018-19/21.08.18- 105000/-

ഈ പദ്ധതി പ്രകാരം 50 തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് വേണ്ടി 105000/-രൂപ ജില്ലാ കുടുംബശ്രീമിഷൻ കോർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നായ്ക്കളെ പിടിച്ച ടൈയ്യേഴ്സിനെ സംബന്ധിക്കുന്ന വിവരം, മരുന്നുകൾ, ചികിത്സ എന്നിവ ലഭ്യമാക്കിയ വിവരം, നായ്ക്കളെ പരിപാലിച്ചതിന്റെ വിവരങ്ങൾ ഡോക്ടർക്ക് നൽകിയ വേതനം സംബന്ധിക്കുന്ന വിവരം എന്നിവ ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി എത്രത്തോളം ഫലപ്രാപ്തി കൈവരിച്ചിട്ടുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തുകയോ മോണിറ്റർ ചെയ്യുകയോ ചെയ്തിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/2018-19) മറുപടി ലഭ്യമാക്കിയെങ്കിലും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതിൽ നിന്നും പദ്ധതി നടപ്പിലാക്കുക എന്നതുമാത്രമായിരുന്ന ലക്ഷ്യം എന്നും പദ്ധതി ലക്ഷ്യം പൂർത്തികരിക്കുക എന്നതിൽ

നിർവഹണ ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയോ ശ്രദ്ധിച്ചിട്ടില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 105000/- രൂപ തടസ്സം ചെയ്യുന്നു. ഖണ്ഡികയിൽ പരാമർശിക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-37 കറവപ്പശു,പെണ്ണാട്,പോത്തുക്കുട്ടി വളർത്തൽ പദ്ധതികൾ-മൃഗങ്ങളെ വാങ്ങാൻ പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

കറവപ്പശു, പെണ്ണാട്, പോത്തുക്കുട്ടി എന്നിവ വാങ്ങി വളർത്തുന്നതിനായി മൃഗസംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടുകൾ തയ്യാറാക്കി വെറ്റിനറി സർജൻ നിർവഹണം നടത്തിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ(കൈ)22/2018ത.സ്വ.ഭ.വ.തീയതി.14.02.2018. പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ചെയർമാനായും വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ 5 പേർ അംഗങ്ങളുമായ ഒരു കമ്മിറ്റി പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് മൃഗങ്ങളെ വാങ്ങേണ്ടതെന്ന് വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചതായോ വാങ്ങൽ നടപടികളിൽ ഏർപ്പെട്ടതിനോ രേഖകൾ ഇല്ല. മേൽ പദ്ധതികൾക്കായി ചുവടെ പറയും പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര് | ആനുകൂല്യം ലഭ്യമായവരുടെ എണ്ണം |
|---|---|---|
| 1 | കറവപ്പശു വാങ്ങൽ-ടി.എസ്.പി.(110/18-19) | 1 |
| 2 | പെണ്ണാട് വളർത്തൽ-ജനറൽ(25/18-19) | 32 |
| 3 | പെണ്ണാട് വളർത്തൽ-എസ്.സി(27/18-19) | 16 |
| 4 | പോത്തുകുട്ടി വളർത്തൽ -ജനറൽ(119/19) | 16 |
| 5 | പോത്തുകുട്ടി വളർത്തൽ -എസ്.സി(120/19) | 13 |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം 30/2019) 7 പേർ പങ്കെടുത്ത ഒരു മിനിട്ട്സിന്റെ കോപ്പി മാത്രമാണ് ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത കമ്മിറ്റിയുടെ മിനിട്ട്സ് ബുക്ക്,പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

# 1-38 SSA-വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 1500000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി നമ്പർ -02/2018-19

അടങ്കൽ - (വികസന ഫണ്ട് ) 1500000/-

ചെലവ് -1500000/-

ബിൽ നമ്പർ,തിയ്യതി 01/18-19 തീയതി.23/07/2018

ഈ പദ്ധതി പ്രകാരം 1500000/-രൂപ District Project Officer SSA-പേർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/2018-19) വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല എന്ന മറുപടിയാണ് ലഭിച്ചത്. ഈ സാഹചര്യത്തിൽ ചെലവ് തുക 1500000/- രൂപ തടസ്സപ്പെടുത്തുന്നു. SSA യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-39 വിദ്യാർത്ഥികൾക്ക് ചിത്രരചന,ഗാനാലാപനം,കരാട്ടെ പരിശീലനം നൽകൽ-പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി നമ്പർ -127/2018-19

അടങ്കൽ -189000/- (വികസന ഫണ്ട് )

ചെലവ് -84000/-

സ്കൂൾ കുട്ടികൾക്ക് ഗാനാലാപന പരിശീലനം,കരാട്ടെ പരിശീലനം എന്നിവ നൽകുന്നതിനു വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. ഈ പദ്ധതിക്ക് ചുവടെ പറയും പ്രകാരം ചെലവ് വന്നിട്ടുണ്ട്.

| ഇനം | തുക കൈപ്പറ്റിയവർ | തുക | ബിൽ നമ്പർ തീയതി |
|---|---|---|---|
| ഗാനാലാപന പരിശീലനം | പുഷ്പകല.ആർ.കെ. | 16800/- | 03/2018-19 തീയതി 22/10/18 |
| കരാട്ടെ പരിശീലനം | മുഹമ്മദ്നാസിം.എൻ.എസ് | 16800/- | |
| ഗാനാലാപന പരിശീലനം | പുഷ്പകല.ആർ.കെ | 16800/- | 04/2018-19 തീയതി 28/11/18 |
| കരാട്ടെ പരിശീലനം | മുഹമ്മദ് നാസിം.എൻ.എസ് | 16800/- | |
| ചിത്രരചനാ പരിശീലനം | സുരേഷ് കുമാർ.ജി | 16800/- | |
| ആകെ | | 84000/- | |

**<u>അപാകതകൾ</u>**

a.ഗാനാലാപന പരിശീലനം, കരാട്ടെ പരിശീലനം, ചിത്രരചനാ പരിശീലനം എന്നിവ എത്ര കുട്ടികൾക്ക് നൽകിയെന്നോ, എവിടെ വച്ച് നൽകിയെന്നോ, ഫീഡ്ബാക്ക് സംബന്ധിക്കുന്ന വിവരങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പരിശീലകർക്ക് ഹോണറേറിയം നൽകുന്ന പ്രവൃത്തി മാത്രമാണ് നടന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്.

b.പദ്ധതി മാർഗരേഖ സ.ഉ(കൈ)11/2018ത.സ്വ.ഭ.വ.തീയതി.29.01.2018 ഖണ്ഡിക 7.6(14) പ്രകാരം കരാട്ടെ പരിശീലനം ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്കായി ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ട പ്രവർത്തനമാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/2019)ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിയുടെയും ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

# 1-40 പദ്ധതി ആസൂത്രണ ഘട്ടങ്ങളിലും നടപടി ക്രമങ്ങളിലും വീഴ്ച – പരിഹരിക്കുന്നതിന് ഭരണസമിതി തയ്യാറാകണം.

നാടിന്റെ വികസനത്തിൽ എല്ലാ പൗരന്മാരും തുടർച്ചയായ താൽപര്യമെടുക്കുകയും പങ്കാളികളാകുകയും ചെയ്യുന്ന ഒരു സമ്പ്രദായം വാർത്തെടുക്കുന്നതിന്, 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനും പദ്ധതികൾ ലക്ഷ്യം നേടുന്നതിനും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. ഗ്രാമപഞ്ചായത്തിൽ അനിവാര്യമായ 12 വർക്കിംഗ് ഗ്രൂപ്പുകൾ നിലവിലുണ്ട്. അതാത് വികസന മേഖലയിലെ വിദഗ്ദർ ഉൾപ്പെടെ 10 മുതൽ 15 വരെ അംഗങ്ങൾ ഗ്രൂപ്പിൽ ആകാവുന്നതാണ്. 2018-19 ൽ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | യോഗങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും | 3 | • വിഷയമേഖലയിലെ വിദഗ്ദർ അംഗമായിട്ടില്ല.<br>• ചർച്ചകൾ നടന്നിട്ടില്ല. |
| 2 | കൃഷി | 5 | • ക്വാറം തികയാതെയുള്ള യോഗങ്ങളുമുണ്ട്<br>• ചർച്ചകൾ നടന്നിട്ടില്ല<br>• പദ്ധതി പേരുകൾ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത് ചർച്ചകളിലൂടെയല്ല. |
| 3 | മൃഗസംരക്ഷണവും ക്ഷീര സംരക്ഷണവും | 4 | • വിഷയമേഖലയിലെ വിദഗ്ദരില്ല.<br>• ക്വാറം തികയാതെയുള്ള യോഗങ്ങൾ<br>• ചർച്ചകൾ ഇല്ല. |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | 3 | • വികസന മേഖലയിലെ വിദഗ്ദരില്ലാതെയാണ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുള്ളത്<br>• ചർച്ചകൾ ഇല്ല. |
| 5 | ദാരിദ്ര്യ ലഘൂകരണം | 5 | • ചർച്ചകളില്ലെങ്കിലും ഗ്രൂപ്പിന്റെ പങ്കാളിത്തം എല്ലാ യോഗത്തിലും മെച്ചപ്പെട്ടതാണ്. |
| 6 | സാമൂഹ്യനീതി | 0 | • വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കാതെയാണ് പദ്ധതികൾ നിർവ്വഹണം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളത്. തികച്ചും ഇത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. |
| 7 | വനിതാ വികസനം | 0 | • വർക്കിംഗ് ഗ്രൂപ്പിന്റെ ഉത്തരവാദിത്തമില്ലായ്മ വെളിവാക്കുന്നു. |
| 8 | പട്ടികജാതി വികസനം | 2 | • ചർച്ചകളില്ലാതെയും കൺവീനർ ഹാജരാകാതെയുമുള്ള യോഗങ്ങൾ |
| 9 | ആരോഗ്യം | 5 | • ക്വാറം തികയാതെയുള്ള യോഗങ്ങൾ നടത്തി<br>• വിഷയമേഖലയിലെ ഒരു വിദഗ്ദന്റെ അഭാവം |
| 10 | കുടിവെള്ളം, ശുചിത്വം | 1 | • ആകെ അംഗങ്ങൾ പത്തിൽ കുറവാണ്<br>• ചർച്ചകളില്ല<br>• തുടർ യോഗങ്ങൾ സംഘടിപ്പിച്ചിട്ടില്ല. |
| 11 | വിദ്യാഭ്യാസം, കലയും സംസ്കാരവും | 1 | • ക്വാറം തികയായെതാണ് യോഗം സംഘടിപ്പിച്ചിട്ടുള്ളത്<br>• ചർച്ചകളില്ല. |
| 12 | പൊതുമരാമത്ത് | 3 | • സാങ്കേതിക വിദഗ്ദർ അംഗമായിട്ടില്ല.<br>• ചർച്ചകളില്ല |
| 13 | ജൈവവൈവിധ്യം &ദുരിതാശ്വാസം | 0 | • ഹാജരാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. |

വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങളല്ലാത്തവർ യോഗങ്ങളിൽ പങ്കെടുത്തിട്ടുള്ളതും, കൺവീനറുടെ അഭാവത്തിൽ യോഗം കൂടിയതും, ക്വാറം തികയാതെ യോഗങ്ങൾ നടത്തിയിട്ടുള്ളതും, ചർച്ചകളുടെ അഭാവവും, പദ്ധതി അംഗീകരിച്ച ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതി മോണിറ്ററിംഗ് നടത്തി യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകാത്തതും, വർക്കിംഗ് ഗ്രൂപ്പുകളുടെ വീഴ്ചകളാണ്. 09.01.2017-ലെ ജി.ഒ(എം.എസ്)10/2017/തസ്വഭവ എന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ പാലിക്കേണ്ടതാണ്.

പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ഏക സമ്പ്രദായമായ വർക്കിംഗ് ഗ്രൂപ്പുകൾ അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും പ്രവർത്തിച്ചിട്ടുണ്ടോയെന്നും ഭരണ സമിതിയുടെ പൊതുവായ മേൽനോട്ടത്തിൽ പ്രവർത്തിച്ചിട്ടുണ്ടോയെന്നും ഭരണ സമിതി വിലയിരുത്തേണ്ടതാണ്.

# 1-41 സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല – ഭരണസമിതി ശ്രദ്ധ നൽകണം.

തുറസായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റുക എന്നത് ലക്ഷ്യം വച്ചുള്ള രണ്ടു പദ്ധതികൾ

(SO117/2019, SO 64/2019) ജനറൽ, എസ്.സി എന്നീ വിഭാഗങ്ങൾക്കായി വി.ഇ.ഒ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പൊതു വിഭാഗത്തിന് 6000/- രൂപയും എസ്.സി വിഭാഗത്തിന് യഥാർത്ഥ ചെലവുമാണ് നൽകിയിട്ടുള്ളത്.

അടങ്കൽ തുക : 684000/- (ജനറൽ)

684000/- (എസ്.സി)

ചെലവ് തുക : 42000/- (ജനറൽ)

72000/- (എസ്.സി)

പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 29.01.2018-ലെ സ.ഉ(കൈ) നം.11/2018/തസ്വഭവ എന്ന ഉത്തരവിലെ ഖണ്ഡിക 11.3(3) പ്രകാരം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ അനർഹരെ ഒഴിവാക്കി മുൻഗണനാ ലിസ്റ്റ് ഭരണസ്ഥാപനം തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്തരം മുൻഗണനാ ലിസ്റ്റിന് പകരം ആകെയുള്ള വാർഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും അപേക്ഷകൾ പരിഗണിക്കാതെ ഓരോ വാർഡിനും തുല്യ എണ്ണം നൽകിയുമാണ് പദ്ധതിയുടെ അടങ്കൽ തുക പോലും നിശ്ചയിച്ചിട്ടുള്ളത്.

ജനറൽ : 19 വാർഡ് x 6 എണ്ണം x 6000 = 684000

എസ്.സി : 19 വാർഡ് x 3 എണ്ണം x 12000 = 684000

2.

| വാർഡ് | ഗുണഭോക്തൃ ലിസ്റ്റിലെ എണ്ണം | | സബ്സിഡി ലഭിച്ചവരുടെ എണ്ണം | |
|---|---|---|---|---|
| | ജനറൽ | എസ്.സി | ജനറൽ | എസ്.സി |
| I | 11 | 2 | - | 1 |
| II | 12 | 1 | 3 | - |
| III | 15 | 6 | - | 2 |
| IV | 8 | 0 | 2 | - |
| V | 8 | 0 | 2 | - |
| VI | 3 | 2 | - | - |
| VII | 9 | 3 | 2 | 1 |
| VIII | 8 | 7 | 3 | 3 |
| IX | 15 | 9 | 5 | - |
| X | 9 | 3 | - | - |
| XI | 10 | 4 | 1 | 1 |
| XII | 5 | 4 | 1 | 1 |
| XIII | 2 | 9 | 1 | 1 |
| XIV | 8 | 6 | - | 2 |
| XV | 5 | 8 | 1 | - |
| XVI | 13 | 9 | - | 2 |
| XVII | 6 | 7 | - | 1 |
| XVIII | 4 | 4 | - | - |
| XIX | 15 | 5 | 1 | - |

2018-19 ൽ തുക നൽകിയതും ട്രഷറി ക്യൂ ലിസ്റ്റ് പ്രകാരം 2019-20-ൽ നൽകിയതുമായ എണ്ണമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടു വിഭാഗങ്ങളിലുമായി 171 പേർക്ക് ആനുകൂല്യം നൽകുവാൻ തുക അടങ്കലായി മാറ്റി വച്ചിട്ടും 37 പേർക്ക് മാത്രമാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളത്. യഥാർത്ഥ ആവശ്യക്കാരെ ലഭ്യമാകുന്ന അപേക്ഷകളിലൂടെ വിലയിരുത്തി കണ്ടെത്താൻ കഴിയാതെ പോകുന്നത് പഞ്ചായത്തിന്റെ വികസന പുരോഗതിയുടെ ആക്കത്തിനെ മന്ദഗതിയിലാക്കുന്ന ഒന്നാണ്.

**3.** പഞ്ചായത്ത് തല ഗുണഭോക്തൃലിസ്റ്റിന് പകരം വാർഡ് തലത്തിൽ ഗുണഭോക്തൃ ലിസ്റ്റ് ഉണ്ടായിട്ടും ഒരാൾക്കുപോലും ആനുകൂല്യം ലഭിക്കാത്ത വാർഡുകളും നിലവിലെ സംവരണ വാർഡിൽ എസ്.സി വിഭാഗത്തിൽ ഒരാൾക്കു പോലും ആനുകൂല്യം ലഭ്യമാകാത്തതും എസ്.സി.പി ഫണ്ടുൾപ്പെടുന്ന വികസന ഫണ്ടിന്റെ വിനിയോഗ ലക്ഷ്യങ്ങൾക്ക് ആഘാതം സൃഷ്ടിക്കുന്നവയാണ്. അടങ്കൽ തുകയുടെ 60% ജനറൽ വിഭാഗത്തിലും 11% എസ്.സി വിഭാഗത്തിലും ചെലവഴിച്ചിട്ടുള്ളത് വിലയിരുത്താനും, മേൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ വിലയിരുത്താനും ഭരണസമിതി തയ്യാറാകേണ്ടതാണ്. ഇതിന്മേൽ ഭരണസമിതി സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-42 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - നിരീക്ഷണങ്ങൾ

2018-19ൽ 461 പ്രോജക്ടുകൾ ഏറ്റെടുത്ത് 4,37,52,020/-രൂപ ചെലവഴിച്ച് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളുടെ ചുമതല പൂർണമായും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലായതിനാൽ ചുവടെ ചേർക്കുന്ന നിരീക്ഷണങ്ങളെ ഭരണസമിതിയും MNREGS വിഭാഗവും വിലയിരുത്തേണ്ടതാണ്.

1. തൊഴിൽ കാർഡ് ഉപയോഗപ്പെടുത്തുന്ന 3136 പേരിൽ 792 പേർക്കാണ് 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ നൽകാനായിട്ടുള്ളത്.
2. അവിദഗ്ധ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളാക്കി മാറ്റുവാനുള്ള പരിശീലന പരിപാടികളുടെ അഭാവമുണ്ട്.
3. ജലസ്രോതസുകളുടെ ആഴം കൂട്ടൽ, പുനരുദ്ധാരണം എന്നിങ്ങനെയുള്ള പ്രവൃത്തികളിൽ ലഭ്യമാകുന്ന, പ്രവൃത്തി സ്ഥലത്ത് ഉപയോഗിച്ചതിനു ശേഷമുള്ള മണ്ണ് പൊതുലേല നടപടികളിലൂടെ വിറ്റ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ്.

   ഉദാ: കൊടുപാറചിറ ആഴം കൂട്ടി കയറ് ഭൂവസ്ത്രം വിരിച്ചുള്ള പുനരുദ്ധാരണത്തിൽ 1200 ഘന മീറ്റർ മണ്ണും, ചിറയിൽകോണം ചിറ പുനരുദ്ധാരണത്തിൽ 500 ഘനമീറ്റർ മണ്ണും ലഭിച്ചത് പ്രവൃത്തി സ്ഥലത്ത് തന്നെ ഉപയോഗിച്ചുവെന്ന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.
4. MNREGS ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ (കമ്പ്യൂട്ടർ, ഇലക്ട്രിക്കൽ വർക്ക് മുതലായവ) അഭാവം തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

# 1-43 പദ്ധതിക്ക് വിരുദ്ധമായി വാങ്ങൽ നടത്തി

പ്രോജക്ട് - S0126/19, പി എച്ച് സി സബ്സെന്ററുകളിലേക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ - 25000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 24908/-

ബിൽ നം - 25/22,03.19

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ പി എച്ച് സി

5000/- രൂപ വില വരുന്ന അലമാരയും, 2500/- രൂപ വില വരുന്ന 8 എക്സിക്യൂട്ടീവ് ചെയറും സബ് സെന്ററുകളിലേക്ക് വാങ്ങി നൽകുന്നതാണ് പദ്ധതി. എന്നാൽ ഇതിന് വിരുദ്ധമായി 6322/-രൂപയുടെ 3അലമാരയും, 3542/- രൂപയുടെ ഒരു റിവോൾവിംഗ് ചെയറും, 240/- രൂപയുടെ 10 പ്ലാസ്റ്റിക് ചെയറുകളുമാണ് വങ്ങിയിട്ടുള്ളത്. KSCCF ന്റെ ആനാട് ത്രിവേണി സ്റ്റോറിൽ നിന്നുമാണ് ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. സബ് സെന്ററുകളിൽ രേഖകൾ സൂക്ഷിക്കാൻ സൗകര്യം കുറവായതിനാലാണ് മൂന്ന് അലമാര വാങ്ങിയിട്ടുള്ളതെന്നും, രോഗികൾക്ക് സൗകര്യമൊരുക്കുന്നതിനാണ് എക്സിക്യൂട്ടീവ് ചെയറുകൾക്ക് പകരം പ്ലാസ്റ്റിക് കസേരകൾ വാങ്ങിയതെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.22) മറുപടി നൽകിയിട്ടുള്ളത്. തുക അധികരിച്ചിട്ടില്ലെങ്കിലും പ്രോജക്ട് നിഷ്കർഷിച്ച പ്രകാരം വാങ്ങിയിട്ടില്ല. പദ്ധതി രൂപീകരിക്കുമ്പോൾ ആവശ്യകതാ നിർണ്ണയം നടത്താതെയും, പദ്ധതി റിവൈസ് ചെയ്യാതെയുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. സ്റ്റോർ പർച്ചേസ് മാനുവൽ അനുസരിച്ച് വാങ്ങൽ നടത്തേണ്ടതാണ്. പ്രൊക്യൂയർമെന്റ് കമ്മിറ്റിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-44 പാലിയേറ്റീവ് കെയർ പ്രവർത്തനം - കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും യഥാസമയം മരുന്നും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചിട്ടില്ല.

1.മരുന്ന് വാങ്ങൽ

ചെലവ് - 403000/-

ബിൽ നം - 18/18-19 തീ. 28.01.19

പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിനായി 11.01.2019ലെ PRF3844 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കെ എം എസ് സി എൽ ന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ അക്കൗണ്ടിലേക്ക് മുൻകൂറായി 403000/- രൂപ മേൽ ബിൽ അനുസരിച്ച് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ 337135/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 65865/-രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

2. മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ

ചെലവ് - 100000/-

ബിൽ നം - 22/18-19 തീ. 13.03.19

പാലിയേറ്റീവ് കെയറിനായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 28.02.2019തീയ്യതിയിലെ PRF4886 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കെ എം എസ് സി എൽ ന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ അക്കൗണ്ടിലേക്ക് മുൻകൂറായി 100000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകി ഒരു വർഷത്തോളമായിട്ടും ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. ബിൽ നം.18895/27.07.19 പ്രകാരം 56104/- രൂപയുടെ സാധനങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 43896/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്ന ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കെ എം എസ് സി എല്ല മായി കരാർ വെക്കേണ്ടതാണ്. എന്നാൽ ഇത് ചെയ്തിട്ടില്ല.

KMSCL ൽ നിന്നും നേരിട്ട് വാങ്ങുമ്പോളുണ്ടാകുന്ന ലഭ്യതക്കുറവും കാലതാമസവും ഒഴിവാക്കുന്നതിനാണ് KMSCL ന്റെ വാണിജ്യ വിഭാഗമായ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മുൻകൂറായി പണമടച്ച് മരുന്ന് വാങ്ങുന്നത്. എന്നാൽ KMSCL മായി കരാർ വെയ്ക്കാത്തതിനാലാണ് യഥാസമയം മരുന്ന് ലഭിക്കാതിരിക്കുന്നത്. ടെണ്ടർ മുഖേനയല്ലാതെ, മരുന്ന് കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങുകയും വിറ്റഴിച്ചതിന് ശേഷം മാത്രം പണമടക്കുകയും ചെയ്യുന്ന കാരുണ്യ സെയിൽസ് വിഭാഗത്തിൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിൽ

കാലതാമസം വരുന്നത് അംഗീകരിക്കാവുന്നതല്ല. കിട്ടാനുള്ള മരുന്നുകൾ ഉപകരണങ്ങളും എത്രയും വേഗത്തിൽ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**- -**

ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**- -**

ഇല്ല

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 19.7.19 മുതൽ 23.7.19 വരെ | കെ.എസ്.എ.റ്റി.വി.എം / ജി.പി 6/1510/19 /20.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | 28/19-ക്ഷീരസമൃദ്ധി | 100000 | 0 |
| | 2018-19 | 18530 | 31/19<br>കേദാരം നെല്ലുകൃഷി | 18530 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വികസനം | | |
| | 2018-19 | 37500 | 65/19 ഹരിതകേരളം ജൈവസമൃദ്ധി | 17500 | 20000 |
| | 2018-19 | 432000 | 66/19 ഹരിതകേരളം-കിണർ റീചാർജ്ജിംഗ് | 432000 | 0 |
| | 2018-19 | 420000 | 34/19 -ഹരിതകേരളം ഹരിതഭവനം | 420000 | 0 |
| | 2018-19 | 285000 | 07/19-സ്നേഹസ്പർശം-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 285000 | 0 |
| | 2018-19 | 1674490 | 68/19 ലൈഫ് പദ്ധതി | 1674490 | 0 |
| | 2018-19 | 335281 | 183/19 ലൈഫ് പദ്ധതി(SCP) | 0 | 335281 |
| ആകെ | | **3302801** | | 2947520 | 355281* |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | 28/19-ക്ഷീരസമൃദ്ധി | 200000 | 0 |
| | 2018-19 | 289000 | 31/19 കേദാരം നെല്ലുകൃഷി വികസനം | 289000 | 0 |
| | 2018-19 | 288000 | 66/19 ഹരിതകേരളം-കിണർ റീചാർജ്ജിംഗ് | 288000 | 0 |
| | 2018-19 | 285000 | 07/19-സ്നേഹസ്പർശം-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 285000 | 0 |
| | 2018-19 | 1130915 | 68/19 ലൈഫ് പദ്ധതി | 1130915 | |
| ആകെ | | 1932815 | | 1932815 | 0 |

* TSB അക്കൗണ്ടിൽ 7225/- രൂപ വരവ് വന്നത് പ്രോജക്ടിൽ ഉൾപ്പെട്ടിട്ടില്ല. TSB അക്കൗണ്ടിൽ വരവ് വന്നതും ചെലവാകാത്തതുമായ 7225/- രൂപയും പ്രോജക്ട് നമ്പർ 7/2019 പ്രകാരം സുലേഖയിലെ ചെലവ് കാണിച്ചിട്ടുള്ള 285000/- രൂപ ബാലൻസ് ആയി കാണിച്ചിട്ടുള്ളതിനാൽ ബി4 ഷെഡ്യൂൾ പ്രകാരം 647506/- രൂപ ബാലൻസ് നിലനിൽക്കുന്നു.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KWA | 90/19 | 1ടെലഫോൺ എക്സ്ചേഞ്ച് പാറവിളാകം പൈപ്പ് ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 89000 | 89000 | 0 |
| 2 | KWA | 94/19 | മാടൻ നട ക്ഷേത്രം കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 131164 | 131164 | 0 |
| 3 | KWA | 95/19 | താഴ്ന്ന മല ക്രിസ്തുജ്യോതി സ്കൂൾ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 62000 | 62000 | 0 |
| 4 | KWA | 135/19 | വാഴവിള തലക്കൊല്ല പ്പാലംകുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 150000 | 150000 | 0 |
| 5 | KWA | 223 | ചന്ദ്രമംഗലം ലക്ഷംവീട് കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 99500 | 99500 | 0 |
| 6 | KSEB | 44/19 | (KSEB ഡെപ്പോസിറ്റ്) പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 199844 | 199844 | 0 |

- KWA നിർവ്വഹണ ഏജൻസിയായി പദ്ധതികൾ പ്രകാരം (Expenditure Statement) ചെലവുതുകയും AFS RP47 പ്രകാരമുള്ള തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. RP 47-554164 ചെലവ് പത്രിക -531664
- KSEB ഡെപ്പോസിറ്റിന് തുകയായ 199844/- RP 47 ൽ ഉൾപ്പെട്ടിരുന്നു.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | 29354595 | 0 | 0 | 0 | 29354595 |
| ഇ.എം.എസ് ഭവനവായ്പ | G.O(Rt) 429/2010/lsgd dated 6.2.2010 | | 3049753 | 1565100 | | 1484653 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 119304280 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 105847109 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2721986 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(സി)<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 1250 | ശ്രീ.സുരേഷ് ബാബു എസ്, അസി. സെക്രട്ടറി |
| 1-30 | 101292 | ശ്രീമതി.കല, ഐ.സി. ഡി.എസ് സൂപ്പർവൈസർ |
| 1-32 | 101125 | ശ്രീമതി.കല, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-33 | 30475 | ശ്രീമതി.കല, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-34 | 632844 | ശ്രീമതി.കല, ഐ.സി. ഡി.എസ് സൂപ്പർവൈസർ |
| 1-35 | 250000 | ഡോ.അഖില, വെറ്റിനറി സർജൻ |
| 1-36 | 105000 | ഡോ.അഖില, വെറ്റിനറി സർജൻ |
| 1-38 | 1500000 | ശ്രീ.ഗിരികുമാർ.കെ.പി ഹെഡ്മാസ്റ്റർ |

<u>ഡി.റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1.ഡോ.അഖില | വെറ്റിനറി സർജൻ | ഉത്രാടം.കൊഞ്ചിറ.P.O,വെമ്പായം |
| 2.ശ്രീ.ഗിരികുമാർ.കെ.പി | ഹെഡ്മാസ്റ്റർ | ഗിരിലേഖ,ചന്ദ്രമംഗല,ആനാട് |
| 3.ശ്രീമതി.കല | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഷീജ ഭവൻ,പഴവടി,നെടുമങ്ങാട് |
| 4.സുരേഷ് ബാബു എസ്, | അസി. സെക്രട്ടറി | ചിറക്കരേടത്ത് വീട,വെട്ടിക്കവല.പിഒ,കൊല്ലം |

<u>ഇ. ഭരണതല നടപടിയ്ക്ക് ശുപാർശ ചെയ്ത ഖണ്ഡികകളുടെ വിവരം.</u>

ഇല്ല.

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/977/2018 തീയതി.4.6.18 | 1 |
| 2001-02 | | 2 |
| 2002-03 | | 3 |
| 2003-04 | | 1 |
| 2005-06 | | 2 |
| 2006-07 | | 2 |
| 2007-08 | | 1 |
| 2009-2010 | | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1040/2018 തീയതി.5.6.18 | 5 |
| 2011-12 | | 8 |
| 2012-13 | | 6 |
| 2013-14 | | 5 |
| 2014-15 | | 8 |
| 2015-16 | | 13 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1714/2017 തീയതി.11.8.17 | 12 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2251/2018 തീയതി.1.7.19 | 24 |

ഒപ്പ്/-

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>അനുബന്ധം 1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആനാട് **ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളുമൊഴികെ ആനാട് **ഗ്രാമപഞ്ചായത്തിന്റെ** വാർഷിക ധനകാര്യ പത്രിക 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്/-
**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ബി.റ്റി